# പത്തനാപുരം ശാഖ

## ഒന്നാം തലമുറ

പുത്തൻകാവിൽ പിരളശ്ശേരിൽ വടക്കേത്തലയ്ക്കൽ താമസിച്ചിരുന്ന കാഞ്ഞിരത്തുംമൂട്ടിൽ പിലിപ്പോസ് (പെരുമാൾ) തരകന്റെ മകൻ ഇടിച്ചാണ്ടിയാണ് ഈ ശാഖയ്ക്ക് ആരംഭം കുറിച്ചത്. ഇദ്ദേഹത്തിന് പെരുമാൾ, ഔസേപ്പ്, കുര്യൻ, ഫിലിപ്പോസ്, ചെറിയാൻ, കൊച്ചുകുഞ്ഞ് എന്ന് ആറ് ആൺമക്കളും അന്നാമ്മ, മറിയാമ്മ എന്ന് രണ്ട് പെൺമക്കളും ജനിച്ചു.

മകൾ അന്നമ്മയെ കണ്ണംകോട്ട് വാര്യവീട്ടിൽ വിവാഹം.

മകൾ മറിയാമ്മയെ പുത്തൻകാവിൽ പിരളശ്ശേരി പള്ളിക്കമണ്ണിൽ കൊച്ചുട്ടികുഞ്ഞ് വിവാഹം കഴിച്ചു.

## രണ്ടാം തലമുറ

1912 മാർച്ച് മാസം 5 ന് പെരുമാൾ തരകൻ മരണമടഞ്ഞു. ഇദ്ദേഹത്തിന് ഇടിച്ചാണ്ടി, മത്തായി, ഉമ്മൻ എന്ന് മൂന്ന് ആൺമക്കൾ ജനിച്ചു. ഈ മൂന്ന് ആൺമക്കളും പെരുമാൾ പെരുമാൽ തരകന്റെ സഹോദരന്മാരായ കുര്യൻ, ഫിലിപ്പോസ്, ചെറിയാൻ എന്നിവരും പിരളശ്ശേരിയിലുള്ള തങ്ങളുടെ വസ്തുവകകൾ വിറ്റതിനുശേഷം പത്തനാപുരത്ത് മാക്കുളം എന്ന സ്ഥലത്ത് 20 ഏക്കർ സ്ഥലം വാങ്ങി അവിടെ താമസമുറപ്പിച്ചു. പിന്നീട് ഇടിച്ചാണ്ടിയുടെ മകൻ ജോസഫും പെരുമാൾ തരകന്റെ മൂത്തമകൻ ഉമ്മച്ചന്റെ രണ്ടുമക്കളിൽ ഒരാളായ മാർക്കോസിന്റെ മക്കൾ ഉമ്മൻ, മത്തായി, ഗീവർഗീസ്, എന്നിവരും തങ്ങളുടെ പിരളശ്ശേരിയിലുള്ള സ്വത്തുക്കൾ വിറ്റതിനുശേഷം മുൻഗാമികളെ പിൻതുടർന്ന് പത്തനാപുരത്ത് നടുക്കുന്ന് മുറിയിൽ സ്ഥലം വാങ്ങി താമസിച്ചു. ഈ പിതാക്കന്മാരുടെ സന്താനപരമ്പരകളാണ് ഇന്നു കാണുന്ന പത്തനാപുരം ശാഖക്കാർ.

## മൂന്നാം തലമുറ

**ഇടിച്ചാണ്ടി** (പെരുമാൾ തരകന്റെ മകൻ)

ഇദ്ദേഹം കുർമ്മബുദ്ധിയും ദീർഘവീക്ഷണവും ഉള്ള ആളായിരുന്നു. കുടുംബത്തിലെ വ്യവഹാര കാര്യങ്ങൾ നടത്തിയിരുന്നത് ഇദ്ദേഹമായിരുന്നു. മാരാമൺ പരുത്തിക്കാട്ട് ഗീവർഗീസിന്റെ സഹോദരി ഏലിയാമ്മയായിരുന്നു ഭാര്യ. ഇവർക്ക് പെരുമാൾ എന്നൊരു മകനും അന്നമ്മ എന്ന ഒരു മകളും ജനിച്ചു. അന്നമ്മയെ അടൂർ കാഞ്ഞിരവിളയിൽ ഉണ്ണുണ്ണി വിവാഹം കഴിച്ചു.

**പെരുമാൾ** (ഇടിച്ചാണ്ടിയുടെ മകൻ)

ഇദ്ദേഹത്തിന് പ്രധാന തൊഴിൽ കൃഷി, കറ്റാനത്തിന് തച്ചീരേത്ത് തറയിൽ കുര്യച്ചന്റെ മകൾ അന്നമ്മയാണ് ഭാര്യ. ഇവർക്ക് അലക്സാണ്ടർ, ചാക്കോ, ഫിലിപ്പോസ് എന്ന് മൂന്ന് ആൺമക്കളും ചെല്ലമ്മയെന്ന ഒരു മകളും ഉണ്ട്.

മകൾ ചെല്ലമ്മയെ എലിക്കാട്ടൂർ ജോസ് വിവാഹം കഴിച്ചു. പെരുമാൾ 1997 ജൂൺ 2-ാം തീയതി നിര്യാതനായി

**<u>അലക്സാണ്ടർ</u>**

തൊഴിൽ കൃഷി. പുനലൂർ കക്കോട്ട് തട്ടാശ്ശേരിൽ ഗീവർഗ്ഗീസിന്റെ മകൾ ത്രേസ്യാമ്മയാണ് ഭാര്യ. ഇവർക്ക് അനു എന്ന മകളും അനീഷ് എന്ന മകനും ഉണ്ട്.

**അനു** : ചെങ്ങന്നൂർ പള്ളത്ത് ടോണി വില്ലയിൽ ബാബു വർഗ്ഗീസിന്റെ മകൻ ടോണി വർഗ്ഗീസ് വിവാഹം ചെയ്തു,

**അനീഷ്** : വെണ്ണികുളം കിഴക്കേ ചിറ്റോരിക്കൽ വിൽസൺ ജോസഫിന്റെ മകൾ റ്റിജി മേരി വിൽസൺ ആണ് ഭാര്യ. ഇസ ത്രേസ്യേ വർഗ്ഗീസ് (വിദ്യാർത്ഥിനി) മകളാണ്.

**ചാക്കോ**

പത്തനാപുരം പുതുവലിൽ നിരത്തുപാറ വീട്ടിൽ ചാക്കോയുടെ മകൾ ലീലാമ്മ യാണ് ഭാര്യ. ബ്ലസി, ബർലി, ബിൻറ്റാ എന്ന് മൂന്ന് പുത്രിമാർ.

**ബ്ലസി** : കൈപ്പട്ടൂർ ചുമലത്ത് ജോയിയുടെ മകൻ ഡേവിഡ് ജോയി വിവാഹം ചെയ്തു.

**ബർലി** : തിരുവനന്തപുരം കെടിയാട്ട് വർഗ്ഗീസിന്റെ മകൻ ബിനോയി വിവാഹം ചെയ്തു.

**ബിൻറ്റാ** : തിരുവനന്തപുരം റ്റി.സി നമ്പർ 27/486 വില്ലയിൽ സാം ജോർജ്ജിന്റെ മകൻ ബോബി സാം വിവാഹം ചെയ്തു.

**പീലിപ്പോസ്**

വാളകം സ്വദേശി മേഴ്സി ഭാര്യ. മലപ്പുറത്ത് എം.എം.എം സ്കൂളിൽ നിന്നും രണ്ടുപേരും അദ്ധ്യാപകരായി വിരമിച്ചു. ഇവർക്ക് രണ്ട് ആൺമക്കളുണ്ട്. നവീൻ ഫിലിപ്പ്, റോബിൻ ഫിലിപ്പ്

**നവീൻഫിലിപ്പ്** : സിസ്ക്കോയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി ചെയ്യു ന്നു. ചെങ്ങന്നൂർ പുത്തൻവീട്ടിൽ ജോൺ കുരുവിളയുടെ മകൾ സ്റ്റെഫി കുരുവിള (സോഫ്റ്റ്വെയർ എഞ്ചിനീയർ) ആണ് ഭാര്യ.

**റോബിൻഫിലിപ്പ്** : എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി കോട്ടയത്ത് പി.ജി ചെയ്യുന്നു.

**മത്തായി** (പെരുമാൾ തരകന്റെ രണ്ടാമത്തെ മകൻ)

പ്രധാനതൊഴിൽ കൃഷിയായിരുന്നു. ഇദ്ദേഹം അയിരൂർ കാട്ടൂരിൽ കളരിക്കൽ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർ രണ്ടുപേരും നിര്യാതരായി. മാക്കുളം ഹെർമ്മോൻ പള്ളിയിൽ സംസ്കരിച്ചു.

ഇവർക്ക് അന്നാമ്മ, കൊച്ചാച്ചിയമ്മ, മറിയാമ്മ, സാറാമ്മ എന്നിങ്ങനെ നാല് പെൺമക്കളും ബേബി, തോമസ് എന്ന് രണ്ട് ആൺമക്കളും ഉണ്ട്.

**അന്നമ്മ**

ചന്ദനപ്പള്ളിയിൽ മലേൽ പടിഞ്ഞാറ്റേതിൽ കിരിയാച്ചന്റെ ഇക്കിയേച്ചൻ വിവാഹം കഴിച്ചു.

**കൊച്ചാച്ചിയമ്മ** : കൈപ്പട്ടൂർ കള്ളേട്ടേത്ത് മത്തായിച്ചൻ വിവാഹം കഴിച്ചു.

**മറിയാമ്മ** : മല്ലപ്പള്ളി കാവും പുറത്ത് ചാക്കോച്ചൻ വിവാഹം കഴിച്ചു.

**സാറാമ്മ** : പത്തനാപുരത്ത് മലയിൽ തോമ്മാച്ചന്റെ മകൻ ഉണ്ണുണ്ണി വിവാഹം കഴിച്ചു.

**ബേബി**

പ്രധാനതൊഴിൽ കൃഷി. പത്തനാപുരത്ത് മാന്തുണ്ടിൽ മാമ്മച്ചന്റെ മകൾ പൊന്നമ്മയാണ് ഭാര്യ. ഇവർക്ക് മാത്യു പീറ്റർ, തോമസ്, ബിജു എന്ന് മൂന്ന് ആൺമ ക്കളും ജെസി, പൊടിമോൾ, സുജ, ശോഭ എന്നീ നാല് പെൺമക്കളും ഉണ്ട്.

**ജെസി** : ഇളമ്പൽ മന്നേക്കാട്ടിൽ എം. ജോസഫിന്റെ മകൻ മത്തായികുട്ടി വിവാഹം കഴിച്ചു.

**പൊടിമോൾ** : കൈതപറമ്പിൽ വല്ല്യത്ത് ഹിൽ വ്യൂവിൽ മാത്തുണ്ണിയുടെ മകൻ വി.എം ശാമുവേൽ വിവാഹം കഴിച്ചു.

**സുജ** : കൊല്ലത്ത് പാരഡൈസിൽ വില്ലയിൽ സൈമണിന്റെ മകൻ കുഞ്ഞുമോൻ വിവാഹം കഴിച്ചു.

**ശോഭ** : കൊല്ലത്ത് പാരഡൈസിൽ വില്ലയിൽ സൈമണിന്റെ മകൻ അനിയൻ സൈമൺ വിവാഹം കഴിച്ചു.

**മാത്യു പീറ്റർ** : എരുമേലിൽ മനയത്തു മാലയിൽ മത്തായിച്ചന്റെ മകൾ സൂസൻ ഭാര്യ. അഖിൽ എന്ന പുത്രൻ ഉണ്ട്. 2021 ജൂലൈ 12-ാം തീയതി ഡൽഹിയിൽ വച്ച് മാത്യു പീറ്റർ മരണമടഞ്ഞു.

**തോമസ് വി.പി** : ഇൻഡ്യൻ കരസേനയിൽ ജോലി ചെയ്ത് വിരമിച്ചു. പുനലൂർ ഇളമ്പൽ പുത്തൻകട വീട്ടിൽ ജോർജ്ജിന്റെ മകൾ സൂസൻ ആണ് ഭാര്യ. ഇവർക്ക് സ്നേഹ, നേഹ എന്ന രണ്ട് പുത്രിമാർ.

**സ്നേഹ** : അടൂർ വടക്കടത്തുകാവ് പൊന്നയിൽ വില്ലയിൽ ബാബുവിന്റെ മകൻ വിനോദ് വിവാഹം കഴിച്ചു.

**നേഹ** : നേഴ്സിംഗ് വിദ്യാർത്ഥിനി

**ജോൺ വി. പീറ്റർ (ബിജു)** : വിദേശത്ത് ജോലി ചെയ്യുന്നു. പത്തനാപുരം ശാഖയുടെ യൂത്ത് വിംഗിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പട്ടാഴി ആറാട്ടുപുഴ ജോ ഭവനിൽ എം.ജെ ഫിലിപ്പോസിന്റെ മകൾ ജോളിയാണ് ഭാര്യ. ഇവർക്ക് ആകാശ്, ആശിഷ് എന്നീ രണ്ട് ആൺമക്കളും അനന്യ എന്ന മകളും ഉണ്ട്. മൂവരും വിദ്യാർത്ഥികൾ.



**<u>തോമസ് (മത്തായിയുടെ രണ്ടാമത്തെ മകൻ)</u>**

പ്രധാന തൊഴിൽ കൃഷി. പട്ടാഴി മുഞ്ഞകര ഉമ്മന്റെ മകൾ തങ്കമ്മയാണ് ഭാര്യ. വി.റ്റി മത്തായി, ഉമ്മൻ തോമസ്, വി.റ്റി ഗീവർഗീസ് എന്ന് മൂന്ന് പുത്രന്മാരും സാലി, മോളി എന്ന രണ്ടു പുത്രിമാരും ഉണ്ട്.


**സാലി** : കാർത്തികപ്പള്ളി തൈപ്പറമ്പിൽ തോമസിന്റെ മകൻ കുഞ്ഞുമോൻ വിവാഹം കഴിച്ചു.

**മോളി** : ചണ്ണപ്പേട്ട മണ്ണിൽ വീട്ടിൽ ശ്രീ. സി. വർഗീസിന്റെ മകൻ അച്ചൻകുഞ്ഞ് വിവാഹം കഴിച്ചു.

**വി. റ്റി. മത്തായി (ജോസ്)**

ബഹ്റനിൽ ജോലി ചെയ്യുന്നു. കൈതപറമ്പിൽ ചരുവിള പുത്തൻവീട്ടിൽ കുരുവിള വർഗ്ഗീസിന്റെ മകൾ മീനയാണ് ഭാര്യ. ജിതിൻ തോമസ് മത്തായി മകൻ, ജെറി റെയ്ച്ചൽ മാത്യു മകൾ.

ജിതിൻ തോമസ് മത്തായി : സൗദിയിൽ ജോലി ചെയ്യുന്നു. പട്ടാഴി വടക്കേക്കര പുലരഴികത്ത് ജെയിംസിന്റെ മകൾ ജിൻസിയെ വിവാഹം ചെയ്തു.



**ഉമ്മൻ തോമസ്** (ബാബു)

പുറമറ്റം പെരുമന കൊച്ചാലുമൂട്ടിൽ തങ്കച്ചന്റെ മകൾ വിൻസിയെ വിവാഹം കഴിച്ചു. പത്തനാപുരം ശാഖയുടെ കുടുംബ യോഗത്തിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവർക്ക് ജിബിൻ ടോം ഉമ്മൻ (ബഹ്റനിൽ ജോലി ചെയ്യുന്നു) എന്ന മകനും, ജിയ റെയ്ച്ചൽ ഉമ്മൻ (വിദ്യാർത്ഥി) എന്ന മകളുമുണ്ട്.



**വി.റ്റി ഗീവർഗീസ്** (റെജി)

കോലഞ്ചേരി പഴന്തോട്ടം ഇടയനാൽ വീട്ടിൽ ജോർജ്ജിന്റെ മകൾ ജിഷി ജോർജ്ജാണ് ഭാര്യ. ഇവർക്ക് റിജിൻ തോമസ് (സോഫ്റ്റ് വെയർ എഞ്ചിനീയർ) റോജിൻ തോമസ് (ബി.സി.എ വിദ്യാർത്ഥി) എന്നീ രണ്ട് ആൺമക്കൾ ഉണ്ട്. പത്തനാപുരം ശാഖയുടെ കുടുംബയോഗത്തിന്റെ സെക്രട്ടറിയായും യൂത്ത് വിംഗിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



**ഉമ്മച്ചൻ** (പെരുമാൾ തരകന്റെ മൂന്നാമത്തെ മകൻ)

ഇദ്ദേഹത്തിന്റെ പ്രധാനതൊഴിൽ കൃഷി. പത്തനാപുരത്ത് കുരിയോട്ട് താന്നിമൂട്ടിൽ തോമസിന്റെ മകൾ ശോശാമ്മ ഭാര്യ. ഇവർക്ക് അന്നമ്മ, തങ്കമ്മ, കുഞ്ഞമ്മ, ശോശാമ്മ, അച്ചാമ്മ എന്ന് അഞ്ച് പെൺമക്കൾ.

**അന്നമ്മ** : തൊണ്ടി പേരാവൂർ വാളംമണ്ണിൽ യോഹന്നാന്റെ മകൻ കൊച്ചുകുഞ്ഞ് വിവാഹം കഴിച്ചു.

**തങ്കമ്മ** : മാന്തുണ്ടിൽ (മാക്കുളം) തോമസിന്റെ മകൻ ജോൺ വിവാഹം കഴിച്ചു.

**കുഞ്ഞമ്മ** : എലിക്കാട്ടൂർ കലഞ്ഞിക്കൽ വീട്ടിൽ ജോസഫിന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു.

**അച്ചാമ്മ** : മേൽപ്പാടത്ത് തോണ്ടുകണ്ടത്തിൽ പരേതനായ ഉമ്മൻ കുര്യന്റെ മകൻ ഉമ്മൻ ജോസഫ് വിവാഹം കഴിച്ചു.

**ശോശാമ്മ** : മാന്താനം ഐക്കരയിൽ എബ്രഹാമിന്റെ മകൻ എബ്രഹാം വിവാഹം കഴിച്ചു.

**ഔസേപ്പ് (ഇടിച്ചാണ്ടിയുടെ രണ്ടാമത്തെ മകൻ)**

ഇദ്ദേഹം ഒരു നല്ല കൃഷിക്കാരനും പൊതുക്കാര്യ പ്രസക്തനുമായിരുന്നു. ഇദ്ദേഹം മാരമൺ പരിതിക്കാട്ടിൽ നിന്നും വിവാഹം കഴിച്ചു. ഇവർക്ക് ഇടിച്ചാണ്ടി എന്നൊരു മകൻ

**ഇടിച്ചാണ്ടി**

പ്രധാന തൊഴിൽ കൃഷി. ഇദ്ദേഹം രണ്ട് വിവാഹം കഴിച്ചു. മുളക്കുഴ എഴിക്കകത്ത് മറിയാമ്മയാണ് ആദ്യ ഭാര്യ. ഇതിൽ ജോസഫ് എന്ന മകനും മറിയാമ്മ

എന്നൊരു മകളും. കോന്നിയിൽ മരുതിമൂട്ടിൽ റാഹേലമ്മ രണ്ടാം ഭാര്യ. ഇതിൽ രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും ജനിച്ചു. പിലിപ്പോസ്, ബേബി എന്ന് രണ്ട് പുത്രന്മാരും കുഞ്ഞമ്മ, പെണ്ണമ്മ എന്ന രണ്ട് പുത്രിമാരും ഉണ്ട്. മകൾ മറിയാമ്മ കോന്നിയിൽ കരിപ്പാലയിൽ ഈശോയുടെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു. മകൾ കുഞ്ഞമ്മ തിരുവല്ല പരിയാരത്തു പറമ്പിൽ കുഞ്ഞുഞ്ഞ് വിവാഹം കഴിച്ചു. മകൾ പെണ്ണമ്മ വടശ്ശേരിക്കര തകടിയിൽ മത്തായി മകൻ കുഞ്ഞുഞ്ഞുക്കുട്ടി വിവാഹം കഴിച്ചു.

**<u>ജോസഫ് (ഇടിച്ചാണ്ടിയുടെ ആദ്യ വിവാഹ മകൻ)</u>**
ഇദ്ദേഹത്തിന്റെ പ്രധാന തൊഴിൽ കൃഷി. ചെങ്ങമനാട് മോളുവിളയിൽ ഉമ്മച്ചന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ 5–8–1997–ൽ നിര്യാതനായി. അലക്സാണ്ടർ, ബെന്നി, രാജു എന്ന പുത്രന്മാരും മറിയാമ്മ, തങ്കമ്മ, അമ്മിണി, സൂസമ്മ, ശാന്തമ്മ എന്ന് നാല് പുത്രിമാരും ഉണ്ട്.

**മറിയാമ്മ** : പിറവന്തൂർ വാഴയിൽ അബ്രാമിന്റെ മകൻ ഗീവറുഗീസ് വിവാഹം കഴിച്ചു.

**തങ്കമ്മ** : റാന്നിയിൽ ഓടയ്ക്കാപറമ്പിൽ തങ്കച്ചൻ വിവാഹം കഴിച്ചു.

**അമ്മിണി** : പത്തനാപുരത്ത് കൊല്ലംപറമ്പിൽ ഉമ്മന്റെ മകൻ യോഹന്നാൻ വിവാഹം കഴിച്ചു.

**സൂസമ്മ** : നെല്ലിപ്പള്ളിയില ഉണ്ണൂണ്ണിയുടെ മകൻ ഗീവറുഗീസ് വിവാഹം കഴിച്ചു.

**ശാന്തമ്മ**: പിറവന്തൂർ വാഴയിൽ അബ്രഹാമിന്റെ മകൻ ഗീവർഗ്ഗീസ് വിവാഹം കഴിച്ചു.

**അലക്സാണ്ടർ** : പത്തനാപുരത്ത് പുതുവലിൽ നിന്ന് സാറാമ്മയെ വിവാഹം കഴിച്ചു. ബിനു, ബിജു എന്ന് രണ്ട് ആൺമക്കൾ.

**ബിനു** : അഹമ്മദബാദിൽ ബിസിനസ് ചെയ്യുന്നു. തൃശ്ശൂർ അലക്സിന്റെ മകൾ ജിനിയാണ് ഭാര്യ. ദിവ്യ, അനന്യ എന്നീ രണ്ട് പെൺമക്കൾ ഉണ്ട്.

ബിജു : പത്തനംതിട്ട സ്വദേശി നിമ്മിയാണ് ഭാര്യ. കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു. ആദിത് ബിജു എന്ന മകനും ഗ്രേസ് ബിജു എന്ന മകളുമുണ്ട്.

**ബെന്നി**

കുടുംബസമേതം എറണാകുളത്ത് താമസം. പത്തനാപുരത്ത് മറ്റത്ത് ഗീവറുഗീസിന്റെ മകൾ ഏലീയാമ്മ ഭാര്യ. ബിനി, ബിനു, ബെറ്റി എന്ന് മൂന്ന് പെൺമക്കൾ.

**രാജു**

ബിലാസ്പൂരിൽ സ്വന്തം ബിസിനസ് നടത്തുന്നു. അത്തിക്കയത്ത് ചരുവിളയിൽ ലിസി ഭാര്യ. രഞ്ചു എന്ന മകനും സിഞ്ചു എന്ന മകളുമുണ്ട്.

**രഞ്ചു** : ഹരിപ്പാട് കോയിപ്പള്ളിയിൽ ദാസ് വർഗ്ഗീസിന്റെ മകൾ നീതി ദാസ് വർഗ്ഗീസാണ് ഭാര്യ.

**സിഞ്ചു** : വട്ടപ്പറമ്പിൽ ജോർജ്ജ് മാത്യുവിന്റെ മകൻ റോയി മാത്യു വിവാഹം കഴിച്ചു.

**ഫിലിപ്പോസ് (ഇടിച്ചാണ്ടിയുടെ രണ്ടാം വിവാഹത്തിലെ ആദ്യമകൻ)**
കൃഷി. കോന്നിയിൽ വട്ടക്കാവുങ്കൽ കാവുംപാട് മത്തായിയുടെ മകൾ ഏലിയാമ്മ ഭാര്യ. കെ.പി അലക്സാണ്ടർ, കെ.പി മത്തായി, കെ.പി ദാനിയേൽ പുത്രന്മാർ വത്സമ്മ, സാറാമ്മ, മറിയാമ്മ പുത്രിമാർ.

**വത്സമ്മ** : വകയാർ മണലിൽ ജോർജ്ജിന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു.

**സാറാമ്മ** : റാന്നി അട്ടതറയിൽ മാത്യു തോമസിന്റെ മകൻ തോമസ് മാത്യു വിവാഹം കഴിച്ചു.

മറിയാമ്മ : ആലപ്പുഴ നാല്പതാം ചിറകുന്നിപ്പറമ്പിൽ ചെറിയാന്റെ മകൻ സന്തോഷ് കെ തോമസ് വിവാഹം കഴിച്ചു.

**കെ.പി അലക്സാണ്ടർ**: പെരുനാട് മുക്കം പനംതോട്ടത്തിൽ ജോർജ്ജിന്റെ മകൾ മോളി അലക്സാണ് ഭാര്യ. ഇവർക്ക് ജോമി പി അലക്സ് എന്ന മകനും ജോയിസി എലിസബത്ത് അലക്സ് എന്ന മകളുമുണ്ട്

**ജോയിസി എലിസബത്ത് അലക്സ്** : ഓമല്ലൂർ കുഴിമണ്ണിൽ പതാലിൽ ജോൺ സാമുവേലിന്റെ മകൻ സാമുവേൽ കെ ജോൺ വിവാഹം കഴിച്ചു.

**ജോമി പി അലക്സ്** : പെരുന്നാട് വടശ്ശേരിക്കര ഒറ്റക്കല്ലിൽ തങ്കച്ചന്റെ മകൾ ജിൻസി അന്നാ ജേക്കബ് ആണ് ഭാര്യ. ജെനയാ മറിയം ജോമി മകൾ.

**കെ. പി മത്തായി**

വിദ്യാഭ്യാസത്തിനുശേഷം സ്വന്തം വ്യവസായം നടത്തുന്നു. കറവൂർ പേരത്ത് വീട്ടിൽ സക്കറിയായുടെ മകൾ ബിജിയാണ് ഭാര്യ. ജോയൽ പി മാത്യു (വിദ്യാർത്ഥി) മകൻ.

**ദാനിയേൽ കെ. ഫിലിപ്പ്**

പറങ്കിമാംമുകളിൽ കളിലുവിള വീട്ടിൽ യോഹന്നാൻ തോമസ്സിന്റെ മകൾ ഷൈലയാണ് ഭാര്യ. ആരോൺ ഡാനിയേൽ, ആൽവിൻ ഡാനിയേൽ (വിദ്യാർത്ഥികൾ) എന്നിവർ മക്കളാണ്.

**ബേബി (ഇടിച്ചാണ്ടിയുടെ രണ്ടാം വിവാഹത്തിലെ ഇളയ മകൻ)**

വിദ്യാഭ്യാസത്തിനുശേഷം മദ്രാസിൽ ഇൻഡ്യൻ എക്സ്പ്രസ്സിൽ ജോലി നോക്കുന്നു. തിരുവല്ലായിൽ മുളമൂട്ടിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സോമി, സിബി എന്ന പുത്രന്മാർ ഉണ്ട്. ഇവർ വിദ്യാർത്ഥികൾ.

**കുര്യൻ** (ഇടിച്ചാണ്ടിയുടെ മൂന്നാമത്തെ മകൻ)

ഇദ്ദേഹത്തിന് പ്രധാന തൊഴിൽ കൃഷിയായിരുന്നു. നിരണത്ത് മുപ്പരത്തിയിൽ അച്ചാമ്മയാണ് ഭാര്യ. ഇവർക്ക് നാല് പെൺമക്കളും രണ്ട് ആൺമക്കളും.

**മറിയാമ്മ** : ചെങ്ങന്നൂർ ഡാണാം പടിക്കൽ ജോസഫ് വിവാഹം കഴിച്ചു.

അക്കാമ്മ : വീയപുരത്ത് വിവാഹം കഴിച്ചു.

അന്നാമ്മ : കുരിയോട്ട് താന്നിമൂട്ടിൽ കിവറിച്ചൻ വിവാഹം ചെയ്തു.

ശോശാമ്മ : തലവടി ചെത്തിപ്പുരയ്ക്കൽ വിവാഹം കഴിച്ചു.

**ഇടിച്ചാണ്ടി**

പ്രധാന തൊഴിൽ കൃഷി. മാരാമണ്ണ് പരുത്തിക്കാട്ട് ഗീവറുഗീസിന്റെ മകൾ അച്ചിയമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഗീവറുഗീസ്, ഏബ്രഹാം, ഫിലിപ്പോസ് എന്നീ മൂന്നു പുത്രന്മാരും അച്ചാമ്മ എന്ന പുത്രിയും.

**അച്ചാമ്മയെ**

പാണ്ടകേരിൽ പുളിമൂട്ടിൽ (ചെത്തിപ്പുരയ്ക്കൽ) ഉണ്ണിയുടെ മകൻ കൊച്ചുഞ്ഞ് വിവാഹം കഴിച്ചു.

**ഗീവർഗ്ഗീസ്**

പ്രധാന തൊഴിൽ കൃഷി. 12-9-89-ൽ നിര്യാതനായി. മാക്കുളം ഹെർമ്മോൻ പള്ളിയിൽ സംസ്കരിച്ചു. വയലത്തല കൊച്ചുകാലായിൽ ഗീവറുഗീസിന്റെ മകൾ അക്കാമ്മയാണ് ഭാര്യ. ഇവർക്ക് അഞ്ച് പുത്രന്മാരും രണ്ട് പുത്രിമാരും ഉണ്ട്.

**ഗ്രേസി**

കമുകുംചേരി കല്ലറപീടികയിൽ ഉമ്മന്റെ മകൻ വർഗീസ് വിവാഹം കഴിച്ചു.

**ലീലാമ്മ** : കോന്നിയിൽ കിഴവള്ളൂർ അഞ്ചുമുറിയിൽ ശമുവേലിന്റെ മകൻ പാപ്പച്ചൻ വിവാഹം ചെയ്തു.

**ഗീവർഗ്ഗീസ്**

വിദ്യാഭ്യാസത്തിനുശേഷം ഐ.എ എഫിൽ സേവനമനുഷ്ഠിച്ച് പെൻഷൻ ആയി. എഴുമറ്റൂർ ചെത്തിപ്പുരയ്ക്കൽ കുര്യന്റെ മകൾ ശാന്തമ്മ ഭാര്യ. ഇവർക്ക് രണ്ട് പുത്രന്മാർ. ബ്രൗൺ, ബ്രൈറ്റ്. ശാന്തമ്മ പത്തനാപുരത്ത് സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ച് വിരമിച്ചു.

**ബ്രൗൺ വർഗ്ഗീസ്** : കുണ്ടറ നെടുമ്പന പള്ളിക്കൽ വീട് മത്തായിയുടെ മകൾ സുനി മത്തായിയാണ് ഭാര്യ. രമ്യ ബ്രൗൺ, രേഷ്മ ബ്രൗൺ (വിദ്യാർത്ഥികൾ) എന്നീ രണ്ട് പെൺമക്കൾ.കുടുംബമായി അമേരിക്കയിലെ ഫിലാഡിൽഫിയായിൽ താമസിക്കുന്നു.

**ബ്രൈറ്റ് വർഗ്ഗീസ്** : കുടുംബസമേതം അയർലന്റിൽ താമസിക്കുന്നു.കൂത്താട്ടുകുളം ചെറിയാന്റെ മകൾ സുനി സി കുര്യൻ ആണ് ഭാര്യ, മകൻ തേജസ് ബ്രൈറ്റ്

**മാത്തുക്കുട്ടി**

വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു. കുമ്പനാട് സങ്കമടത്തിൽ ജോസഫിന്റെ മകൾ ശാന്തമ്മ ഭാര്യ. ക്രിസ്റ്റഫർ എന്ന മകനും ബ്രിന്റാ എന്ന മകളും. കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു.

**ജോസഫ്**

അമേരിക്കയിൽ ജോലി. മണ്ണൂർ ചരുവിളയിൽ ഗീവർഗീസിന്റെ മകൾ മോളമ്മ യാണ് ഭാര്യ. ബ്രിൻസൺ, ബോബൻ എന്ന രണ്ടു പുത്രന്മാർ. കുടുംബമായി അമേരി ക്കയിൽ താമസിക്കുന്നു.

**ജോണി**

അമേരിക്കയിൽ ജോലി. കറവൂർ തെങ്ങുവിളയിൽ ശമുവേലിന്റെ മകൾ സൂസൻ ഭാര്യ. ഡയാന ജോൺ ഏക മകൾ. കുണ്ടറ കുളത്തിങ്കൽ അനിയൻ ഫിലിപ്പ് മകൻ അരുൺ ഫിലിപ്പ് വിവാഹം ചെയ്തു.

**അലക്സ്**

അമേരിക്കയിൽ ജോലി എലിക്കാട്ടൂർ നെല്ലിവിളയിൽ ശാമുവേലിന്റെ മകൾ മേഴ്സി ഭാര്യ. മെൽവിൻ അലക്സാണ്ടർ എന്ന മകനും മെർലിൻ അലക്സാണ്ടർ എന്ന മകളും. കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു.

**ഏബ്രഹാം** (ഇടിച്ചാണ്ടിയുടെ രണ്ടാമത്തെ മകൻ)

പ്രധാനതൊഴിൽ കൃഷി. കൂടലിൽ പുത്തൻതോപ്പിൽ ഗീവർഗീസിന്റെ മകൾ അന്നമ്മയാണ് ഭാര്യ. ഇദ്ദേഹം സ്വന്തമായി ബിസിനസ് നടത്തുന്നു. പി.ഐ സൈമൺ, പി.ഐ വർഗീസ് എന്ന രണ്ടു പുത്രന്മാരും സാലമ്മ എന്ന ഒരു മകളും. മകൾ സാല മ്മയെ അടൂർ ചിറ്റുണ്ടയിൽ ചാക്കോച്ചന്റെ മകൻ ജോസ് വിവാഹം കഴിച്ചു.

**പി.ഐ സൈമൺ**

വിദ്യാഭ്യാസത്തിനുശേഷം ബാംഗ്ലൂരിൽ ജോലി നോക്കുന്നു. ഓമല്ലൂർ തറയിൽ ഫിലിപ്പിന്റെ മകൾ റോസ് മേരിയാണ് ഭാര്യ. രാജീവ് എന്ന ഒരു മകൻ. മകന്റെ ഭാര്യ നിമിഷ. മക്കൾ - സിയോൻ രാജീവ്, സെയ്ദൻ രാജീവ്

**പി.ഐ വർഗീസ്**

പത്തനാപുരത്ത് വല്ല്യപറമ്പിൽ ചാക്കോച്ചന്റെ മകൾ മറിയാമ്മ ഭാര്യ. ബീനാ, ബിൻസി എന്നീ രണ്ട് പുത്രിമാർ. 2022 ഒക്ടോബർ 12-ാം തീയതി പി.ഐ വർഗ്ഗീസ് മരണമടഞ്ഞു

**ഫിലിപ്പോസ് (ഇടിച്ചാണ്ടിയുടെ മൂന്നാമത്തെ മകൻ)**

പ്രധാന തൊഴിൽ കൃഷി. കോന്നിയിൽ നെല്ലീമൂട്ടിൽ ഇടയരത്ത് ചാക്കോച്ചന്റെ മകൾ റാഹേലമ്മയാണ് ഭാര്യ. ഇവർക്ക് ഗീവർഗ്ഗീസ്, ചാക്കോച്ചൻ, ജോയി, ഷാജി എന്ന നാല് പുത്രന്മാരും അച്ചാമ്മ എന്ന ഒരു മകളും.

**അച്ചാമ്മ:** വള്ളിക്കോട് കിഴക്കേതിൽ യോഹന്നാന്റെ മകൻ സേതു വിവാഹം കഴിച്ചു. ഏകമകൻ ഷൈജു ജോൺ

**ഷൈജു ജോൺ** : കൂടൽ ചുറ്റുവട്ടത്ത് തെക്കേതിൽ ജെയിംസിന്റെ മകൾ ജിൻസി ജെയിംസ് ആണ് ഭാര്യ. ആൽവിൻ ഷൈജു മകൻ, അദീന ഷൈജു മകളും.

**ഗീവർഗീസ് കത്തനാർ (ഫിലിപ്പോസിന്റെ മകൻ)**

മാക്കുളത്ത് കിഴക്കേതലയ്ക്കൽ ഇടിച്ചാണ്ടി ഫിലിപ്പോസിന്റെയും റാഹേലമ്മ യുടെയും മൂത്ത മകനായി 1952-ാമാണ്ട് ഏപ്രിൽ മാസം 2-ാം തീയതി ജനിച്ചു. വിദ്യാ ഭ്യാസം പൂർത്തിയാക്കി. 1967-ൽ മലബാർ ഭദ്രാസനാധിപൻ തോമസ് മാർ തിമോഥി യോസിൽ നിന്നും മ്സമ്രോനോ പട്ടം സ്വീകരിച്ചു. 1984-ൽ പൂർണ്ണ ശെമ്മാശൻ പട്ടവും കാശ്ശിശ്ശാ പട്ടവും സ്വീകരിച്ചു. വിവിധ പാത്രിയർക്ക വിഭാഗം പള്ളികളിൽ സേവനം അനുഷ്ഠിച്ചു വരവെ 1991 -ൽ ഓർത്തഡോക്സ് വിഭാഗത്തിലേക്ക് ചേരു കയും ചെങ്ങന്നൂർ ഭദ്രാസനാധിപനായ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോ ലീത്ത തിരുമനസ്സിന്റെ കല്പനപ്രകാരം പുലിയൂർ സെന്റ് മേരീസ് ആന്റ് സെന്റ് ജോർജ്ജ്, പുല്ലാട്ട് സെന്റ് ജോർജ്ജ് എന്നീ പള്ളികളിൽ സേവനമനുഷ്ഠിച്ചു. ഇപ്പോൾ കൂട്ടമ്പേരൂർ സെന്റ് മേരീസ്, നെല്ലിമല മാർ ഗ്രിഗോറിയോസ് എന്നി പള്ളികളിൽ സേവനമനുഷ്ഠിച്ചിരുന്നു.

കുറിയന്നൂർ ചക്കുതരപ്ലാന്തോട്ടത്തിൽ സി.എസ് അബ്രഹാമിന്റെയും സാറാമ്മ യുടെയും നാലാമത്തെ മകൾ മറിയാമ്മയാണ് സഹധർമ്മിണി. ഇവർക്ക് റിനാ പി വർഗ്ഗീസ് (കല്ലടയിൽ ചെറുത്തോപ്പിൽ ജോർജ്ജ്കുട്ടിയുടെ മകൻ സിനോയി ജോർജ്ജ് വിവാഹം ചെയ്തു), റീബാ പി വർഗ്ഗീസ് (ഇലന്തൂർ വിളയിൽ പൗലോ സിന്റെ മകൻ റിജു പൗലോസ് വിവാഹം ചെയ്തു) എന്ന രണ്ടു പുത്രിമാരും റെന്നി പി വർഗ്ഗീസ് (സൗദിയിൽ) എന്ന ഒരു മകനും ഉണ്ട്. 2019 നവംബർ മാസം 25-ാം തീയതി ഗീവർഗ്ഗീസ് കത്തനാർ അന്തരിച്ചു.

**ചാക്കോ**

കൃഷി. പട്ടാഴിയിൽ പുലരഴികത്ത് ജോണിന്റെ മകൾ ജോളിയാണ് ഭാര്യ. റാഹേൽ (ആൻസി) എന്ന ഒരു മകളും അബിൻ ചാക്കോ എന്ന മകനും.

**ആൻസി ചാക്കോ** : പുനലൂർ തൊളിക്കോട് പെൻസൺ വില്ലയിൽ ചാക്കോയുടെ മകൻ പെൻസൺ ചാക്കോ വിവാഹം ചെയ്തു.

**ജോയി**

പുതുവൽ മലയിൽ വടക്കേതിൽ ചെറിയാൻ തോമസിന്റെ മകൾ സൂസൻ ഭാര്യ. ജെറിൻ ജോയി എന്ന മകളും ജോബിൻ പി ജോയി എന്ന മകനും .

**ജെറിൻ ജോയി** : അടൂർ വാക്കയിൽ  വീട്ടിൽ ബെന്നികുട്ടിയുടെ മകൻ ബിനു വിവാഹം ചെയ്തു. ഇവർ കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു.

**ഷാജി**

അമ്പനാട്  റബ്ബർ എസ്റ്റേറ്റിൽ ജോലി. ജോലി നോക്കിയശേഷം ഇപ്പോൾ ഗൃഹ കാര്യങ്ങളിൽ ശ്രദ്ധ ചെ.ലുത്തി കഴിയുന്നു. ഇടമുളയ്ക്കൽ കളപ്പില വീട്ടിൽ തങ്കച്ചന്റെ മകൾ മണിയാണ് ഭാര്യ.

## ഗീവർഗീസ് കത്തനാരും മാക്കുളം പള്ളിയും



കുര്യന്റെ രണ്ടാമത്തെ മകനായ ഗീവർഗീസ് കത്തനാർ ചെറുപ്പത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പത്തനാപുരത്തിനടുത്തുള്ള ഇടത്തറ എന്ന സ്ഥലത്ത് അധ്യാപകനായിട്ട് സേവനരംഗത്തിറങ്ങിയത്. ഈ കാലഘട്ടത്തിൽ പുത്തൻകാവിൽ നിന്നും വന്ന പിതാക്കന്മാരും സഹോദരങ്ങളും കല്ലടയാറ് കടന്ന് ആറുമൈൽ ദൂരെയുള്ള തലവൂർ പള്ളിയിലാണ് ആരാധനയിൽ സംബന്ധിച്ചിരുന്നത്. ഈ വൈഷമ്യം ഒഴിവാക്കുന്നതിനുവേണ്ട് കുടുംബാംഗങ്ങൽ കൂട്ടായി ആലോചിക്കുകയും പുത്തൻകാവിൽ വന്ന് കിഴക്കേത്തലയ്ക്കൽ വല്യച്ചനോടു വിവരങ്ങൽ പറയുകയും ചെയ്തു. അദ്ദേഹം അവരെ വട്ടശ്ശേരി തിരുമേനിയുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടു പോയി. തിരമേനിയുടെ നിർദ്ദേശപ്രകാരം കൊല്ലം ഡിവിഷനിൽ പേഷ്കാരെ കണ്ട് ഒരു പള്ളി വയ്ക്കുന്നതിനുള്ള അനുവാദം വാങ്ങി. ഇങ്ങനെ സഹോദരന്മാർ കൂട്ടായി വാങ്ങിയ സ്ഥലത്തിന്റെ ഏറ്റവും ഉയർന്ന ഭാഗത്ത് ഒരു പള്ളി സ്ഥാപിച്ചു. ഇതാണ് മാക്കുളം പള്ളി. അവിടെ 1893 കുംഭമാസം 3-ാം തീയതി കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാർ ആദ്യമായി ആരാധന നടത്തി. ബർസൗമായുടെ നാമത്തിൽ പള്ളിക്കു നാമകരണം ചെയ്തു. അങ്ങനെ അവിടെ ക്രമമായി കുർബ്ബാന ചൊല്ലുന്നതിനും മറ്റും കർമ്മാനുഷ്ഠാനങ്ങൾക്കും ഒരു പട്ടക്കാരനെ ആവശ്യമായി വന്നു. അദ്ധ്യാപകവൃത്തിയിലിരുന്ന ഗീവർഗീസിന് പട്ടം കൊടുക്കുന്നതിന് പിതാക്കന്മാർ ആലോചിക്കുകയും അദ്ദേഹം അതിന് സമ്മതിക്കുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നാണ് ഗീവർഗീസ് ശെമ്മാശപട്ടം സ്വീകരിച്ചത്. തുടർന്ന് നാലുവർഷം കൊണ്ട് വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി. ഈ കാലയളവിൽ വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത് ഗീവർഗീസ് ശെമ്മാശനായിരുന്നു. ഓമല്ലൂർ മുളമൂട്ടിൽ അച്ചന്റെ മകളെയാണ് വിവാഹം കഴിച്ചത്. കുണ്ടറ സെമിനാരിയിൽ വച്ച് കാലം ചെയ്ത ബസേലിയോസ് കാതോലിക്കാ ബാവാ കശീശപട്ടം നൽകി. ഗീവർഗീസ് കത്തനാർ ഒരു സുറിയാനി പണ്ഡിതനും ബസേലിയോസ് കാതോലിക്കാ ബാവാ ഏറ്റവും അധികം ഇഷ്ടപ്പെട്ട പട്ടക്കാരിൽ ഒരാളുമായിരുന്നു. മൺമറഞ്ഞുപോയ നമ്മുടെ പിതാക്കന്മാരുടെയും ബഹുമാനപ്പെട്ട കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെയും സാന്നിദ്ധ്യത്തിൽ വച്ച് പുത്തൻകാവ് വലിയ

പള്ളിയിലാണ് ആദ്യ കുർബ്ബാന അർപ്പിച്ചത്. തുടർന്നു മരണം വരെ അദ്ദേഹം മാക്കുളം പള്ളിയുടെ വികാരിയായിരുന്നു. പത്തനാപുരത്ത് പിടവൂർ ശാലേം പള്ളി, കടയ്ക്കാമൺ സെന്റ് ജോർജ്ജ് പള്ളി, പത്തനാപുരം ലാസർ പള്ളി എന്നീ ദേവാലയ ങ്ങൾ ഗീവർഗീസച്ചൻ സ്ഥാപിച്ചതാണ്. അച്ചന് കുട്ടികളില്ലായിരുന്നു. ഭാര്യ മരിച്ചു. ഓർത്തഡോക്സ് സഭ വിട്ട് റീത്തിലേക്കുപോയ ഈവാനിയോസ് തിരുമേനി പല പ്രാവശ്യം മോഹന വാഗ്ദാനങ്ങളുമായി അച്ചനെ റീത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട്. വിശ്വാസധീരനായ അച്ചൻ ബസേലിയോസ് തിരുമേനിയോട് അവസാനമായി പറഞ്ഞ മറുപടി ഇതാണ്.

''എന്റെ കുപ്പായം ചുട്ടുകരിച്ച് കുടിക്കേണ്ടിവന്നാലും വിശ്വാസ വ്യതിചലനം എന്ന വഞ്ചനകൊണ്ട് ഞാൻ എന്റെ കുടുംബത്തിന്റെ സൽപേരിനു കളങ്കം ചേർക്കുക യില്ല' . ജാതിമതഭേതന്യേ പത്തനാപുരം പൗരാവലിയുടെ ഇടയിൽ വലിയ സ്വാധീന മുള്ള ആളായിരുന്നു അച്ചൻ. അക്കാലത്ത് പത്തനാപുരം ദേശത്തുണ്ടാകുന്ന ഏതു പ്രശ്നത്തിനും അച്ചന്റെ മദ്ധ്യസ്ഥത ആളുകൾ ആഗ്രഹിക്കുകയും അംഗീകരിക്കു കയും ചെയ്തിരുന്നു. തന്റെ ന്യായമായ തീരുമാനങ്ങളിൽ നിന്ന് തന്നെ വ്യതി ചലിപ്പി ക്കുവാൻ ആരെയും അച്ചൻ അനുവദിച്ചിരുന്നില്ല.

1124 മീനം 3-ാം തീയതി അച്ചൻ ദിവംഗതനായി. നമ്മുടെ പിതാക്കന്മാർ മാക്കു ളത്ത് സ്ഥാപിച്ച ദേവാലയത്തിൽ മദ്ബഹായുടെ ഒരു വശത്തുള്ള കല്ലറയിൽ അർഹി ക്കുന്ന എല്ലാ ബഹുമതികളോടും കൂടി അദ്ദേഹത്തിന്റെ ഭൗതികശരീരം കബറടക്കി.

### പീലിപ്പോസ് (ഇടിച്ചാണ്ടിയുടെ നാലാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷിയായിരുന്നു. ആറാട്ടുപുഴ, തുണ്ടിയിൽ ഗീവർഗീസിന്റെ മകൾ മറിയാമ്മയാണ് ഭാര്യ. ഇടിച്ചാണ്ടി, ഗീവർഗീസ്, ചെറിയാൻ എന്ന മൂന്ന് പുത്ര ന്മാരും മറിയാമ്മ എന്ന ഒരു മകളും ഉണ്ട്.

### ഇടിച്ചാണ്ടി

പ്രധാനതൊഴിൽ കൃഷി. (97 മാർച്ച് 19 -ാം തീയതി നിര്യാതനായി) മുഴക്കുഴ എഴിക്കകത്ത് ഗീവർഗീസിന്റെ മകൾ ശോശാമ്മയാണ് ഭാര്യ. ഇവർക്ക് മറിയാമ്മ, അന്നമ്മ, സാറാമ്മ, ഏലിയാമ്മ എന്ന് നാല് പുത്രിമാരും തോമസ് എന്ന പുത്രനും. ഭാര്യ ശോശാമ്മ മരണമടഞ്ഞു.

**മറിയാമ്മ** : വാഴത്തോപ്പിൽ പള്ളിപടിഞ്ഞാറ്റേതിൽ മാമ്മന്റെ മകൻ തോമസ് വിവാഹം കഴിച്ചു.

**അന്നമ്മ** : കോന്നിയിൽ വാഴവിളയിൽ മത്തായിച്ചന്റെ മകൻ ജോയി വിവാഹം കഴിച്ചു

**സാറാമ്മ** : അവിവാഹിത

**ഏലിയാമ്മ** : മണർകാട് മുണ്ടാനിക്കൽ അവറാച്ചൻ വിവാഹം കഴിച്ചു.

### തോമസ്

വിദ്യാഭ്യാസത്തിനുശേഷം ബോംബെ സ്കോഡാ ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പ നിയിൽ മാനേജരായി സേവനമനുഷ്ഠിച്ചിരുന്നു. പിരിഞ്ഞ് ഇപ്പോൾ ബോംബെയിൽ സാന്തക്രൂസിൽ താമസിച്ച് സ്വന്തം ബിസിനസ്സ് നടത്തുന്നു. ഇദ്ദേഹം ബോംബെ ഓർത്തഡോക്സ് പള്ളി ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുമ്പഴ വേലശ്ശേരിൽ അവറാച്ചന്റെ മകൾ കുഞ്ഞുഞ്ഞമ്മയാണ് ഭാര്യ. ഇവർക്ക് അലക്സാണ്ടർ എന്നൊരു മകനും സൂസൻ, എൽസി, മെറിനാ എന്ന മൂന്ന് പെൺമക്കളും ഉണ്ട്.

### സൂസൻ എം.എ

ബോംബെയിൽ മലാഡിൽ കെ.ജെ ശാമുവേലിന്റെ മകൻ ജോൺ വിവാഹം കഴിച്ചു. എൽസി, മെറിന ഇവർ വിദ്യാർത്ഥികൾ.

**അലക്സാണ്ടർ** : ബി.ഇ ഡിഗ്രിക്കുശേഷം എം.ബി.എ പാസായി. വിവാഹം കഴിഞ്ഞു. ഒരു മകൻ അമേരിക്കയിൽ ജോലി.

**ഗീവർഗീസ് (പീലിപ്പോസിന്റെ രണ്ടാമത്തെ മകൻ)**

വിദ്യാഭ്യാസത്തിനുശേഷം എസ്റ്റേറ്റിൽ സേവനമനുഷ്ഠിച്ചു. 42-ാമത്തെ വയസ്സിൽ നിര്യാതനായി. തുമ്പമൺ തെക്കേമണ്ണിൽ തെക്കേതിൽ ചാക്കോച്ചന്റെ മകൾ അന്നമ്മയാണ് ഭാര്യ. (അന്നമ്മ 21-12-1996-ൽ നിര്യാതയായി) ചാക്കോ, തോമസ് എന്ന പുത്രന്മാരും കുഞ്ഞമ്മ എന്ന മകളും ഉണ്ട്.

**കുഞ്ഞമ്മ** : കൂടൽ ചക്കാലമണ്ണിൽ തോമ്മാച്ചന്റെ മകൻ ബേബിക്കുട്ടി വിവാഹം കഴിച്ചു.

**ചാക്കോ (ഗീവർഗീസിന്റെ ആദ്യത്തെ മകൻ)**

വിദ്യാഭ്യാസത്തിനുശേഷം മലേഷ്യയിൽ എസ്റ്റേറ്റ് സംബന്ധമായ ജോലിയിൽ ആയിരുന്നു. തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കി. 7-6-93-ൽ നിര്യാതനായി. കുമ്പഴ കുഴിയിൽ കുഞ്ഞൂഞ്ഞിന്റെ മകൾ മോളിയാണ് ഭാര്യ. ജോർജി ചാക്കോ എന്ന മകനും ശോഭ ആനറ്റ് എന്ന മകളും ഉണ്ട്. ശോഭ : എം.ബി.ബി.എസ് വിദ്യാർത്ഥിനി.

**ജോർജി ചാക്കോ** : എം.ബി.ബി.എസിന് ശേഷം മലേഷ്യയിൽ ജോലി. തിരുവനന്തപുരത്ത് പുതിയടത്ത് വീട്ടിൽ പി. ഐസക്ക് കുര്യന്റെ മകൾ ഡോ. പ്രീതയാണ് ഭാര്യ.

**തോമസ് (ഗീവർഗീസിന്റെ രണ്ടാമത്തെ മകൻ)**

വിദ്യാഭ്യാസത്തിനുശേഷം എൽ.ഐ.സി തിരുവനന്തപുരം ഡിവിഷനിൽ ജോലി നോക്കിയിരുന്നു. ഇപ്പോൾ ജോലിയിൽ നിന്നും വിരമിച്ച് പരുത്തിപ്പാറ താമസിക്കുന്നു. ഓമല്ലൂർ മുളേനിക്കാട്ട് താഴേടത്ത് അവറാച്ചന്റെ മകൾ അന്നമ്മയാണ് ഭാര്യ. അന്നമ്മ കേരള ഗവൺമെന്റ് ട്രഷറി സെക്ഷനിൽ സേവനമനുഷ്ഠിക്കുന്നു. ആനി തോമസ് എന്ന മകളും ജോർജ്ജ് തോമസ് എന്ന മകനും ഉണ്ട്. 25-7-95 ൽ തോമസ് നിര്യാതനായി.

**ആനി** : എൻജിനീയറിംങ്ങ് പാസായ ആനിയെ കോട്ടയം, തോട്ടയ്ക്കാട്ട്പുല്ലോലിക്കൽ ഡോ. തോമസിന്റെ മകൻ പി.റ്റി തോമസ് (കമ്പ്യൂട്ടർ എഞ്ചിനീയർ യു.എസ്.എ) വിവാഹം കഴിച്ചിരിക്കുന്നത്.

**ജോർജ്ജ്** : മെക്കാനിക്കൽ എഞ്ചിനീയറിംഗ് പാസായി ഷിപ്പിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു.

**ചെറിയാൻ (പീലിപ്പോസിന്റെ മൂന്നാമത്തെ മകൻ)**

വിദ്യാഭ്യാസത്തിനുശേഷം എ.വി ജോർജ്ജ് ആന്റ് കമ്പനിയിൽ മാളിയേക്കൽ എസ്റ്റേറ്റിൽ സേവനമനുഷ്ഠിച്ചിരുന്നു. 1985-ൽ നിര്യാതനായി. മാക്കുളം ഹെർമ്മോൻ പള്ളിയിൽ സംസ്കരിച്ചു. അയിരൂർ കാട്ടൂർ പൂവണ്ണുനിൽക്കുന്നതിൽ ഗിവർഗീസിന്റെ മകൾ ഏലിയാമ്മയാണ് ഭാര്യ. ഇദ്ദേഹം മാക്കുളും പള്ളി ട്രസ്റ്റിയായി വളരെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ഒരു പൊതുകാര്യപ്രസ്കതനും ജനസമ്മതനുമാണ്. മറിയാമ്മ, അന്നാമ്മ, ശോശാമ്മ, ഏലിയാമ്മ എന്ന് നാല് പെൺമക്കൾ മാത്രം.

**മറിയാമ്മ** : പുന്നല വരാമണ്ണിൽ ഉമ്മന്റെ മകൻ ജോണി വിവാഹം ചെയ്തു.

**അന്നാമ്മ** : കോട്ടയം മണർക്കാട് ആഞ്ഞിലിമൂട്ടിൽ കെ.സി ജോർജ്ജ് വിവാഹം ചെയ്തു.

**ശോശാമ്മ** : പുതുപ്പള്ളിൽ മറ്റത്തിൽ മാത്തുക്കുട്ടി വിവാഹം ചെയ്തു.

**ഏലിയാമ്മ** : പുതുവലിൽ ജോസഫിന്റെ മകൻ കെ.കെ. ജോസഫ് വിവാഹം ചെയ്തു. (മാക്കുളത്ത് കുടുംബത്തിൽ താമസിക്കുന്നു). രണ്ട് ആൺമക്കൾ. എബി ജോസഫ്, ബോബൻ ജോസഫ്

**എബി ജോസഫ്** : മിലിട്ടറിയിൽ സേവനമനുഷ്ഠിച്ച് വിരമിച്ചു. നൂറനാട് മുകലഴി കത്ത് വീട്ടിൽ എം.സി റോബിയുടെ മകൾ ലിസി മാത്യുവാണ് ഭാര്യ. ഏകമകൻ സിബി ജെ. മാത്യു ഇടമുളയ്ക്കൽ പുത്തേത്ത് മത്തായികുട്ടിയുടെ മകൾ സോബി മാത്യുവിനെ വിവാഹം കഴിച്ചു. അഗസ്റ്റസ് എസ് മാത്യു മകൻ.

**ബോബൻ ജോസഫ്** : മൂന്നാളം ലെജി ഭവനിൽ ഉമ്മൻ പാപ്പിയുടെ മകൾ പ്രിൻസിയെ വിവാഹം ചെയ്തു. എൽസാ സഖറിയ, അക്സാ സഖറിയ (വിദ്യാർത്ഥി കൾ) എന്നീ രണ്ട് പെൺമക്കൾ.

**ചെറിയാൻ (ഇടിച്ചാണ്ടിയുടെ ഇളയമകൻ)**

പ്രധാന തൊഴിൽ കൃഷി. ഇദ്ദേഹം രണ്ടു വിവാഹം കഴിച്ചു. ആദ്യഭാര്യ പുത്തൻകാവിൽ തോപ്പിൽ നിന്നുമാണ്. ഇതിൽ മറിയാമ്മ, ഏലിയാമ്മ എന്നു രണ്ട് പെൺമക്കൾ. ആദ്യ ഭാര്യയുടെ മരണശേഷം നിർവിളാകം മോടിയിൽ തോമസിന്റെ മകൾ അന്നാമ്മയെ വിവാഹം ചെയ്തു. ഇതിൽ മറിയാമ്മ എന്ന മകളും ഇടിച്ചാണ്ടി, ജോസഫ് എന്ന രണ്ടുപുത്രന്മാരും ഉണ്ട്.

**മറിയാമ്മ** : നിരണത്ത് മുപ്പരത്തിൽ ഗീവർഗീസ് വിവാഹം കഴിച്ചു.

**ഏലിയാമ്മ** : പുന്നല മരങ്ങാട് വീട്ടിൽ തോമസിന്റെ മകൻ ചാക്കോച്ചൻ വിവാഹം കഴിച്ചു.

**മറിയാമ്മ** : ഓമല്ലൂർ പറയാനാലിൽ വടക്കേക്കര വീട്ടിൽ മത്തായി ഉമ്മൻ വിവാഹം കഴിച്ചു.

**ഇടിച്ചാണ്ടി**

പ്രധാനതൊഴിൽ കൃഷി. പത്തനാപുരത്ത് വല്ല്യാനേത്ത് ഗീവർഗീസിന്റെ മകൾ അന്നമ്മയാണ് ഭാര്യ. ഇവർക്ക് സഖറിയ, വർഗീസ്, തോമസ് എന്ന 3 പുത്രന്മാരും അന്നമ്മ, ഏലിയാമ്മ, മറിയാമ്മ എന്ന മൂന്ന് പുത്രിമാരും ഉണ്ട്. ഇടിച്ചാണ്ടി 1948 ഒക്ടോ ബർ മാസം 24-ാം തീയതി നിര്യാതയായി. നമ്മുടെ പിതാക്കന്മാർ മാക്കുളത്ത് സ്ഥാപിച്ച ഹെർമ്മോൻ ഓർത്തഡോക്സ് പള്ളിയിൽ അടക്കം ചെയ്തു. ഇടിച്ചാണ്ടി യുടെ ഭാര്യ അന്നമ്മ 1991 ജനവരി മാസം 17-ാം തീയതി നിര്യാതയായി. ശവസം സ്കാരം മാക്കുളം ഹെർമ്മോൻ ഓർത്തഡോക്സ് പള്ളിയിൽ ഇടിച്ചാണ്ടിയുടെ കല്ലറ യോട് ചേർന്ന് തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ പ്രധാന കാർമ്മിക ത്വത്തിൽ നടത്തപ്പെട്ടു.

**അന്നമ്മ** : കായംകുളത്ത് അമ്പികുളങ്ങര സ്കറിയാച്ചന്റെ മകൻ ഫിലിപ്പോസിനെ കൊണ്ട് വിവാഹം കഴിപ്പിച്ചു.

**ഏലിയാമ്മ** : കൈപ്പട്ടൂർ ഇലവിനാമണ്ണിൽ പാട്ടത്തിൽ ജോർജ്ജ്കുട്ടി വിവാഹം കഴി ച്ചു.

**മറിയാമ്മ** : പുനലൂർ കരവാളൂർ ചമ്പക്കര വീട്ടിൽ ജോൺ വിവാഹം കഴിച്ചു.

**സഖറിയ** (ഇടിച്ചാണ്ടിയുടെ മൂത്തമകൻ)

വിദ്യാഭ്യാസത്തിനുശേഷം 1956 - ൽ ബാങ്കിൽ അക്കൗണ്ടന്റായി പ്രവേശിച്ചു. ഇപ്പോൾ ഫെഡറൽ ബാങ്കിന്റെ പറക്കോട്, പുനലൂർ, കുണ്ടറ, ചങ്ങനാശ്ശേരി, കൂടൽ ശാഖാ മാനേജരായി സേവനം അനുഷ്ഠിച്ചിരുന്നു. മാക്കുളം പള്ളിയുടെ സെക്രട്ടറി, ട്രസ്റ്റി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ എന്നിങ്ങനെ വിവിധ നിലകളിൽ വളരെ ക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ട്രസ്റ്റിയുടെ ചുമതല വഹിച്ചിരുന്ന കാലത്താണ് മാക്കുളം പള്ളി പുതുക്കി പണിതതും കൂദാശ നടത്തിയതും. പത്തനാ പുരം കുടുംബയോഗത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നു ഇദ്ദേഹം. ഓമ ല്ലൂർ പ്രക്കാനത്ത് കോയിപ്പുറത്ത് കൊച്ചുമ്മൻ ജോർജ്ജിന്റെ മൂത്ത മകൾ മറിയാമ്മ യാണ് ഭാര്യ.മക്കൾ ജോൺ വി സഖറിയ, ആനി സഖറിയ, ജോർജ്ജ് വി സഖറിയ.

**ജോൺ വി സഖറിയ**

1986-ൽ കുടുംബയോഗ യൂത്ത് വിംഗിന്റെ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം 1986-ൽ കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളേജിൽ ജനറൽ സെക്രട്ടറിയായിരുന്നു. ഏഴംകുളം കൈതപ്പറമ്പിൽ തെക്കേവിളയിൽ എം.എം തോമസിന്റെ മകൾ ബീനയെ വിവാഹം കഴിച്ചു. ഇവർക്ക് ജെഫിൻ ജോൺ സഖറിയ (കാനഡ) എന്ന മകനും ജെനറ്റ് ജോൺ (വിദ്യാർത്ഥി) എന്ന മകളുമുണ്ട്. എറണാകുളത്ത് കിഴക്കമ്പലത്ത് സ്ഥിരതാമസം.

**ആനി സഖറിയ**

എം.എയ്ക്കു ശേഷം ചേന്നീർക്കര കൊച്ചുപുരയിൽ കെ.റ്റി ജേക്കബിന്റെ മകൻ തോംസൺ ജേക്കബ് വിവാഹം കഴിച്ചു.

**ജോർജ്ജ് വി സഖറിയ**

എഞ്ചീനിയറിംഗ് ഡിപ്ലോമ ആന്റ് കമ്പ്യൂട്ടർ ഡിപ്ലോമയും കഴിഞ്ഞ് ബോംബെയിൽ ജോലി. കടമ്മനിട്ട ചെമ്പകശ്ശേരിൽ അലക്സാണ്ടറുടെ മകൾ ആൻസി ജോർജ്ജാണ് ഭാര്യ. മകൻ ആൽവിൻ സഖറിയ ജോർജ്ജ് (വിപ്രോയിൽ ജോലി) മകൾ അലീനാ മറിയം ജോർജ്ജ് (നേഴ്സിംഗ് വിദ്യാർത്ഥി)

**<u>വർഗ്ഗീസ് (ഇടിച്ചാണ്ടിയുടെ രണ്ടാമത്തെ മകൻ)</u>**

വിദ്യാഭ്യാസത്തിനുശേഷം സ്വന്തം ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നു. പത്തനാപുരത്ത് ഐരൂർ കുഴിയിൽ കുഞ്ഞച്ചന്റെ മകൾ മറിയാമ്മയാണ് ഭാര്യ. ലാലി വർഗ്ഗീസ്, ഗ്രേസി വർഗ്ഗീസ് എന്ന പുത്രിമാരും ജിജി വർഗ്ഗീസ് എന്ന പുത്രനും ഉണ്ട്. ഭാര്യ മറിയാമ്മ 1980 ഫെബ്രുവരി 18 ന് നിര്യാതനായി. മാക്കുളം പള്ളിയിൽ സംസ്കരിച്ചു. വർഗ്ഗീസ് കറവൂർ സ്വദേശി മേരിക്കുട്ടിയെ പുനർവിവാഹം ചെയ്തു.

**ലാലി വർഗ്ഗീസ്** : തുമ്പമൺ പള്ളിതെക്കേതിൽ രാജു വിവാഹം ചെയ്തു.

**ഗ്രേസി വർഗ്ഗീസ്** : ലാബ് ടെക്നീഷ്യൻ കോഴ്സ് കഴിഞ്ഞു. കൊട്ടാക്കര നീലാംവിളയിൽ തോമസിന്റെ മകൻ ബാബു തോമസ് വിവാഹം ചെയ്തു.

**ജിജി വർഗ്ഗീസ്** : കുളത്തുപ്പുഴ ഓന്തുപച്ച തെങ്ങുംതറയിൽ റ്റി. ഫിലിപ്പോസിന്റെ മകൾ നിഷയാണ് ഭാര്യ. ജോഹാന മറിയം ജിജി മകൾ.

<u>**തോമസ്** (ഇടിച്ചാണ്ടിയുടെ ഇളയമകൻ)</u>

വിദ്യാഭ്യാസത്തിനുശേഷം പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ സ്കൂൾ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു വിരമിച്ചു. ഒരു സജീവ രാഷ്ട്രീയ പ്രവർത്തകനാണ്. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, കോൺഗ്രസ് മണ്ഡലം സെക്രട്ടറി, ബ്ലോക്ക് എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, മണ്ഡലം ലിയേസൻ കമ്മറ്റി മെമ്പർ എന്നി നിലകളിൽ സേവനമനുഷ്ഠിച്ചിരുന്നു. അടൂർ മണക്കാലയിൽ പീടികയിൽ വറുഗീസ് മാമ്മന്റെ മകൾ ശോശാമ്മയാണ് ഭാര്യ. ഇവർക്ക് ജോൺ വി തോമസ്, മാമ്മൻ വി തോമസ് എന്ന പുത്രന്മാരും ആനി തോമസ് എന്ന പുത്രിയും ഉണ്ട്. ഇദ്ദേഹം മാക്കുളം പള്ളി സെക്രട്ടറി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, കുടുംബയോഗം പത്തനാപുരം ശാഖ സെക്രട്ടറി എന്നി നിലകളിൽ സേവനമനുഷ്ഠിച്ചിരുന്നു.

**ജോൺ വി തോമസ്** : നെല്ലിപ്പള്ളി വടക്കേതിൽ ലിൻസ് ഭവനിൽ പി.ജി കോശിയുടെ മകൾ ബിൻസി കോശിയാണ് ഭാര്യ. ഇവർക്ക് തോമസ് വി ജോൺ (വിദ്യാർത്ഥി) എന്ന മകനും ഹന്നാ സൂസൻ ജോൺ (വിദ്യാർത്ഥിനി) എന്ന മകളുമുണ്ട്. കുടുംബമായി കുവൈറ്റിൽ താമസിക്കുന്നു.

**ആനി തോമസ്** : തുമ്പമൺ കീഴുകുഴി തെങ്ങുവിളയിൽ റ്റി.ജി കോരുതിന്റെ മകൻ സന്തോഷ് കോരുത് വിവാഹം ചെയ്തു.

**മാമ്മൻ വി തോമസ്** : ഏനാത്ത് മഞ്ചാടിമുക്ക് പുത്തൻവിള വീട്ടിൽ എൽ. ഗീവർഗ്ഗീസിന്റെ മകൾ നിമ്മി വർഗ്ഗീസ് ആണ് ഭാര്യ. മന്നാ സൂസൻ മാമ്മൻ മകളാണ് (വിദ്യാർത്ഥി). യു. കെ-ൽ താമസിക്കുന്നു.

**ജോസഫ്** (ചെറിയാന്റെ രണ്ടാം വിവാഹത്തിലെ ഇളയമകൾ)

പ്രധാനതൊഴിൽ കൃഷി. രണ്ട് വിവാഹം കഴിച്ചു. ആദ്യവിവാഹം ചന്ദനപ്പള്ളി വടക്കേതിൽ കൊച്ചൂഞ്ഞിന്റെ മകൾ അന്നമ്മ ആയിരുന്നു. ഇതിൽ ചെറിയാൻ എന്ന മകൻ. ആദ്യ ഭാര്യയുടെ മരണശേഷം വിവാഹം പത്തനാപുരത്ത് വല്ല്യാനേത്ത് അമ്മുക്കുട്ടിയെ വിവാഹം ചെയ്തു. ഇതിൽ ജോൺ എന്ന മകനും വത്സമ്മ എന്ന മകളും ഉണ്ട്.

**വത്സമ്മ** : കുളത്തുപ്പുഴ ആശാരികോണത്ത് പാറയ്ക്കൽ മാത്യുവിന്റെ മകൻ തോമസ് വിവാഹം കഴിച്ചു.

**ചെറിയാൻ (ആദ്യ വിവാഹത്തിലെ മകൻ)**

പ്രധാന തൊഴിൽ കൃഷിയാണ്. കുടശ്ശനാട് തട്ടക്കാട്ട് വീട്ടിൽ മത്തായിയുടെ മകൾ ആലീസ് കുട്ടിയാണ് ഭാര്യ. ഇവർക്ക് ബിജി, ജിജി എന്ന രണ്ടു മക്കൾ.

**ബിജി ജോസഫ്** : മാലി ദ്വീപിൽ അധ്യാപകനായി സേവനമനുഷ്ഠിക്കുന്നു. പുന്നല പടിയണിപ്പാറ വലിയ വീട്ടിൽ മാത്യവിന്റെ മകൾ റെനി മാത്യുവാണ് ഭാര്യ. എബേൽ ബിജി (വിദ്യാർത്ഥി) മകൻ.

**ജിജി ചെറിയാൻ** : സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. പുതുവൽ മല്ലേൽ കിഴക്കേതിൽ സി.കെ പാപ്പച്ചന്റെ മകൾ എലിസബത്ത്. പാപ്പച്ചൻ ആണ് ഭാര്യ. മകൾ ലയ എലിസബത്ത് ജിജി (വിദ്യാർത്ഥി), മകൻ ജോഷു സി ജിജി (വിദ്യാർത്ഥി).



**ജോൺ** (ജോസഫിന്റെ രണ്ടാമത്തെ മകൻ)

ഇൻഡോറിൽ ടെക്സ്റ്റയിൽ കോർപ്പറേഷനിൽ ജോലി ചെയ്തു വിരമിച്ചു. പൊടിയാട്ടുവിള കിഴക്കേ അറ്റത്ത് ചാക്കോച്ചന്റെ മകൾ മേരിയാണ് ഭാര്യ. ഇവർക്ക് സ്മിത എന്ന മകളും ജോസഫ് എന്ന മകനും ഉണ്ട്.

**മാർക്കോസ്**

പുത്തൻകാവിൽ താമസമാക്കിയ പെരുമാൾ തരകന്റെ മൂത്തമകൻ ഉമ്മച്ചന് പെരുമാൽ എന്നും മർക്കോസ് എന്നും രണ്ട് പുത്രന്മാർ ജനിച്ചു. ഇതിൽ മർക്കോസിന്റെ മക്കളായ ഉമ്മൻ, മത്തായി,ഗിവർഗീസ് എന്ന് മൂന്നുപേർ തങ്ങളുടെ മാക്കുലത്ത് മുൻപ് പോയി താമസിച്ചിരുന്ന സഹോദരങ്ങളെ പിൻതുടർന്ന്, പിരളശ്ശേരിയിലുള്ള തങ്ങളുടെ സ്വത്തുക്കൾ വിറ്റിട്ട് പത്തനാപുരത്തുപോയി നടുക്കുന്ന് മുറിയിൽ പള്ളിമുക്കിന് സമീപം വസ്തുവകകൾ വാങ്ങി താമസമാക്കി. ഇവരുടെ വംശപരമ്പരയുടെ ചരിത്രമാണ് താഴെ കാണുന്നത്.

**ഉമ്മൻ** (മർക്കോസിന്റെ ഒന്നാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷി, പുത്തൻകാവിൽ നാലുഴത്തിൽ ഇടുക്കിളേച്ചന്റെ മകൾ അന്നാമ്മയാണ് ഭാര്യ. ഇവർക്ക് അബ്രഹാം, തോമസ്, ജോർജ്ജ്, ഫിലിപ്പോസ്,

ചാക്കോ എന്ന അഞ്ചു പുത്രന്മാരും അന്നാമ്മ, മറിയാമ്മ, ഏലിയാമ്മ എന്ന മൂന്ന് പുത്രിമാരും ജനിച്ചു.

**അന്നമ്മ** : എലന്തൂർ തെങ്ങുംതറയിൽ കുഞ്ഞൂഞ്ഞ് വിവാഹം കഴിച്ചു.

**മറിയാമ്മ** : ഐരൂർ ചെമ്പോത്തറയിൽ ഏബ്രഹാം വിവാഹം കഴിച്ചു.

**ഏലിയാമ്മ** : കറ്റാനത്ത് തച്ചിരേത്ത് വർഗീസ് വിവാഹം കഴിച്ചു.

**അബ്രഹാം** (ഉമ്മച്ചന്റെ ഒന്നാമത്തെ മകൻ)

ഇദ്ദേഹത്തിന്റെ പ്രധാന തൊഴിൽ കൃഷി. ഐരൂർ കിടങ്ങനേത്ത് യോനാച്ചന്റെ മകൾ മറിയാമ്മയാണ് ഭാര്യ. അബ്രഹാം നിര്യാതനായി. കുഞ്ഞുമോൻ, ജോണിക്കുട്ടി എന്ന് രണ്ട് പുത്രന്മാരും അന്നമ്മ, ഏലിക്കുട്ടി അമ്മിണി എന്ന് മൂന്ന് പുത്രിമാരും ഉണ്ട്.

**അന്നമ്മ** : എലിക്കാട്ടൂർ വാഴവിളയിൽ കൊച്ചുകുഞ്ഞിന്റെ മകൻ ജോർജ്ജ്കുട്ടി വിവാഹം കഴിച്ചു.

**ഏലിക്കുട്ടി** : മല്ലപ്പള്ളിയിൽ എൻ.സി. കുര്യൻ വിവാഹം കഴിച്ചു.

**അമ്മിണി** : എലന്തൂർ കാവിൽ ജെയിംസ് വിവാഹം കഴിച്ചു.



**തോമസ് കെ എബ്രഹാം** : അമേരിക്കയിൽ കുടുംബസമേതം താമസിക്കുന്നു. തലവൂർ പറങ്കിമാംമുകൾ മാന്തോട്ടത്തിൽ ചിന്നമ്മയാണ് ഭാര്യ. ഇവർക്ക് ജെസി. രജനി എന്ന് രണ്ട് പുത്രിമാരും ബിജു എന്ന മകനും ഉണ്ട്.

**ജെസി** : അടൂർ പറങ്കാംവിള വീട്ടിൽ വർഗ്ഗീസിന്റെ മകൻ പി.കെ വർഗ്ഗീസ് വിവാഹം ചെയ്തു.

**രജനി** : അടൂർ ജേക്കബിന്റെ മകൻ തോമസ് ജേക്കബ് വിവാഹം ചെയ്തു.

ബിജു : തിരുവനന്തപുരം പൂവപള്ളിയിൽ ജോൺ തോമസിന്റെ മകൾ റീനയാണ് ഭാര്യ. റിയ തോമസ് എന്ന മകളും ജേക്കബ് കെ തോമസ് എന്ന മകനും ഇവർ വിദ്യാർത്ഥികൾ.



**ജോണിക്കുട്ടി** (അബ്രഹാമിന്റെ രണ്ടാമത്തെ മകൻ)
മാരൂർ പുറ്റാനിയിൽ ജോൺ മത്തായിയുടെ മകൾ ലാലി ഭാര്യ. ഇവർക്ക് ലിജോ എന്ന പുത്രനും ലീന എന്ന പുത്രിയും

**ലിജോ** : കുളത്തൂപ്പുഴ പൊയ്കവിളയിൽ ബാബുവിന്റെ മകൾ ജിഷ ബാബുവാണ് ഭാര്യ. പെൺമക്കൾ അബിയ മറിയം ലിജോ, അന്നാ മറിയം ലിജോ.

**ലീനാ** : കൊല്ലം കടവൂർ മേലയിൽ അബിയുടെ മകൻ ആന്റണി മേലയിൽ വിവാഹം ചെയ്തു.

**തോമസ്** (ഉമ്മന്റെ രണ്ടാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷി. ഏഴംകുളത്ത് ചായലോട് മുളവിളയിൽ ഇടിക്കുള യുടെ മകൾ അന്നമ്മയാണ് ഭാര്യ. ഇവർക്ക് തങ്കച്ചൻ, പാപ്പച്ചൻ, രാജൻ, ജോണി, ബാബു എന്ന് അഞ്ച് പുത്രന്മാരും മറിയാമ്മ, തങ്കമ്മ, ലിസി എന്നി മൂന്ന് പുത്രിമാരും ഉണ്ട്.

**മറിയാമ്മ**

പത്തനാപുരത്ത് (കലഞ്ഞൂർ) ചരുവിള പുത്തൻവീട്ടിൽ ഫിലിപ്പോസിന്റെ മകൻ വർഗീസ് വിവാഹം കഴിച്ചു.

**തങ്കമ്മ**

കിടങ്ങന്നൂർ അഞ്ഞനംകാലായിൽ തോമസിന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു.

**ലിസി** : കൈപ്പട്ടൂർ മൂലത്തറയിൽ തോമസിന്റെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു.

**തങ്കച്ചൻ** : എസ്.എസ്.എൽ.സി ക്ക് ശേഷം മിലിട്ടറി സർവ്വീസിൽ. മല്ലശ്ശേരി കൊട്ടുപ്പി ള്ളേത്ത് മത്തായിച്ചന്റെ മകൾ ആലിസ് ഭാര്യ. റ്റീനാ എന്ന ഒരു മകളും മത്തായി (അൻസു) എന്നൊരു മകനും ഉണ്ട്. ഇവർ വിദ്യാർത്ഥിനികൾ.

**പാപ്പച്ചൻ** : എസ്.എ.പി തോട്ടത്തിൽ ജോലി. മങ്ങാട് പരോട്ടുവീട്ടിൽ വർഗീസിന്റെ മകൾ വൽസമ്മ ഭാര്യ. ഇവർക്ക് വിൻസി, വിജി എന്ന് രണ്ട് പുത്രിമാർ. ഇവർ വിദ്യാർത്ഥികൾ.

**രാജൻ** : ഗോവയിൽ ഒരു കമ്പനിയിൽ ജോലി നോക്കുന്നു. കുളത്തൂപ്പുഴ തൈപ്പറ മ്പിൽ മത്തായിയുടെ മകൾ ഗ്രേസി ഭാര്യ. ഇവർക്ക് ചിഞ്ചു എന്ന ഒരു മകൻ ഉണ്ട്.

**ജോണി** : ഗൾഫിൽ ജോലി നോക്കുന്നു. ഇളമണ്ണൂർ ചാങ്കൂർ തങ്കച്ചന്റെ മകൾ എൽസമ്മ ഭാര്യ. ജാൻസി എന്നൊരു മകൾ ഉണ്ട്.

**ബാബു** : സൂററ്റിൽ ഒരു കോട്ടൺ മില്ലിൽ ജോലി. ചേത്തയ്ക്കൽ തട്ടത്തിൽ പി. കെ മാത്യുവിന്റെ മകൾ മേരികുട്ടിയാണ് ഭാര്യ (നേഴ്സ് സജീവനി ഹോസ്പിറ്റൽ). റോബിൻ സി ബാബു, റിജോ ബാബു, റിജിൻ ബാബു എന്ന മൂന്ന് ആൺമക്കൾ.

**ജോർജ്ജ്** (ഉമ്മന്റെ മൂന്നാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷി. കൊട്ടാരക്കര മൈലത്ത് ഉണ്ണൂണ്ണിയുടെ മകൾ കുട്ടി യമ്മ ഭാര്യ. 1994-ൽ ജോർജ്ജ് മരണമടഞ്ഞു. പുന്നല സെന്റ് മേരീസ് പള്ളിയിൽ അട ക്കി. കുഞ്ഞുമോൻ, പാപ്പച്ചൻ, ജോണിക്കുട്ടി, രാജൻ, ബാബു, സജി എന്ന് ആറ് പുത്ര ന്മാരും കുഞ്ഞന്നാമ്മ, ലിസ എന്ന രണ്ടു പുത്രിമാരും ഉണ്ട്.

**കുഞ്ഞന്നാമ്മ** : ചെങ്ങന്നൂർ പേരശ്ശേരിൽ ഇല്ലത്ത് വർഗീസിന്റെ മകൻ സക്കറിയ വിവാഹം കഴിച്ചു.

**ലിസി** : നെടുംകാവ് കോട്ടപുറത്ത് ജോണിന്റെ മകൻ അലക്സാണ്ടർ വിവാഹം കഴിച്ചു.

**കുഞ്ഞുമോൻ (തോമസ് കെ.ജി )** : പ്രധാന തൊഴിൽ കൃഷിയാണ്. ഉറുകുന്ന് പാറ ക്കൂടത്തിൽ പാപ്പിയുടെ മകൾ അന്നമ്മ ഭാര്യ. ഷിബു ജോർജ്ജ്, ഷിജു ജോർജ്ജ് എന്ന് രണ്ട് പുത്രന്മാരും ബീന എന്ന പുത്രിയും ഉണ്ട്.

**ഷിബു ജോർജ്ജ്** : ഇളമ്പൽ ഞാറവിള വീട്ടിൽ കുഞ്ഞുമോന്റെ മകൾ ബിന്ദുവാണ് ഭാര്യ. മകൻ ഡെബിൻ തോമസ് മകൾ ഗിഫ്റ്റി അന്നാ ജോർജ്ജ്. അവർ അഹമ്മദബാദിൽ താമസിക്കുന്നു.

**ഷിജു ജോർജ്ജ്** : ആയുർ ഏലയ്ക്കാട്ട് വീട്ടിൽ ബേബി ജോണിന്റെ മകൾ റീജാ ഷിജുവാണ് ഭാര്യ. ഇവർക്ക് സിറിൽ തോമസ്, സിറിൻ തോമസ് (വിദ്യാർത്ഥികൾ) എന്നി രണ്ട് ആൺമക്കൾ.

**ബീനാ തോമസ്** : പിറമല കാപ്പിമുകളിൽ ഷാജി വിവാഹം ചെയ്തു.

**പാപ്പച്ചൻ (അലക്സാണ്ടർ കെ. ജി)** : കൃഷിയാണ് തൊഴിൽ. പുതുവൽ മാങ്കൂട്ടത്തിൽ വർഗീസിന്റെ മകൾ സാറാമ്മയാണ് ഭാര്യ. ഷീനാ എന്ന മകളും ഷിനു എന്ന മകനും ഉണ്ട്.

**ഷീനാ** : ഇളമ്പൽ എലിക്കോട്ട് നിരപ്പിൽ ഡാനിയേൽ മകൻ ജോസ് ഡാനിയേൽ വിവാഹം കഴിച്ചു.

**ഷിനു** : വാഴത്തോപ്പ് ചരുവിള വീട്ടിൽ തോമസ് ബാബുവിന്റെ മകൾ ജിൻസിയാണ് ഭാര്യ. മകൻ ഏദൻ ഷിനു, മകൾ എയ്ഞ്ചൽ ഷിനു (വിദ്യാർത്ഥികൾ).

**ജോണിക്കുട്ടി** : ഗൾഫിൽ ജോലി നോക്കുന്നു. മാവേലിക്കര മേലേടത്ത് മോളിയാണ് ഭാര്യ. ബിനു, ബിജി എന്ന് രണ്ട് പുത്രന്മാർ. ഇവർ മാവേലിക്കര വഴുവാടിയിൽ താമസിക്കുന്നു.

**ബിനു ജോർജ്ജ്** : മോനിഷ സ്കറിയ ഭാര്യ. മകൾ ഹന്നാ ജോർജ്ജ്.

**ബിജി ജോർജ്ജ്** : ബിൻസി ബേബിയാണ് ഭാര്യ. മകൻ ജെയ്തൻ ബിജി ജോർജ്ജ്.

**രാജൻ** : വിശാഖപട്ടണത്തിൽ തെർമ്മൽ പ്ലാന്റിൽ സേവനമനുഷ്ഠിക്കുന്നു. പാലയ്ക്കാട്ട് ശാമുവേലിന്റെ മകൾ ശോഭയാണ് ഭാര്യ. ദിവ്യ രാജൻ എന്ന മകളും ദീപു രാജൻ എന്ന മകനും.

**കെ. ജി ബാബു** : എസ്റ്റേറ്റിൽ ജോലി നോക്കുന്നു. ചാങ്കൂർ വേങ്ങവിള ജിനി ഭവനിൽ കുഞ്ഞുമോൾ ആണ് ഭാര്യ. ബിൻസി എന്ന മകളും സോനു എന്ന മകനും.

**ബിൻസി** : കോന്നി മുട്ടതറയിൽ തങ്കച്ചന്റെ മകൾ ഷിബു വിവാഹം ചെയ്തു.

**സോനു ബാബു** : വിദേശത്ത് ജോലി.

**കെ. ഒ സജി** : കൃഷി കാര്യങ്ങൾ നോക്കുന്നു. അങ്ങാടിക്കൽ കാഞ്ഞിരവിളയിൽ ജോർജ്ജ് തോമസിന്റെ മകൾ വത്സമ്മയാണ് ഭാര്യ. ആൻസി എം സജി, അനു എം സജി എന്നീ രണ്ട് പെൺമക്കൾ.

**ആൻസി എം സജി** : കുളക്കട ഓണംപള്ളിയിൽ ബേബിയുടെ മകൻ ബിജു ബേബി വിവാഹം ചെയ്തു.

**അനു. എം സജി** : ഡൽഹിയിൽ നേഴ്സായി ജോലി ചെയ്യുന്നു.

**ഫിലിപ്പോസ്** (ഉമ്മന്റെ നാലാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷി. അടൂർ വയലിൽ കടുവുങ്കൽ വർഗീസിന്റെ മകൾ എസ്ത്തേറമ്മയാണ് ഭാര്യ. ഇവർക്ക് പൊന്നച്ചൻ, ജോൺസൺ, ജെയിംസ് എന്ന മൂന്ന് പുത്രന്മാരും തങ്കമ്മ, കുഞ്ഞൂഞ്ഞമ്മ, പൊന്നമ്മ, ജോയിമ്മ, റോസമ്മ എന്ന അഞ്ചു പുത്രിമാരും ഉണ്ട്.

**തങ്കമ്മ** : കോന്നിയിൽ അട്ടച്ചാക്കൽ പാപ്പച്ചൻ വിവാഹം കഴിച്ചു.


**കുഞ്ഞൂഞ്ഞമ്മ** : ചെങ്ങന്നൂർ ആലായിൽ തമ്പി വിവാഹം കഴിച്ചു.

**പൊന്നമ്മ** : പത്തനാപുരം പാതിരിക്കൽ കാടുവെട്ടൂർ ഉണ്ണൂണ്ണിയുടെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു.

**ജോയിമ്മ** : തിരുവല്ല ചാമക്കാലയിൽ കുട്ടിയുടെ മകൻ രാജൻ തോമസ് വിവാഹം കഴിച്ചു.

**റോസമ്മ** : 12-ാം വയസ്സിൽ മരിച്ചു.

**പൊന്നച്ചൻ** : പാതിരിക്കൽ കാടുവെട്ടൂർ ഉണ്ണൂണ്ണിയുടെ മകൾ സാലിയാണ് ഭാര്യ. റിന്റു, റിങ്കു എന്ന് രണ്ട് ആൺമക്കൾ.
**റിന്റു** : കുണ്ടറ മംഗലത്ത് പുത്തൻ വീട്ടിൽ കോശിയുടെ മകൾ സൗമ്യ യാണ് ഭാര്യ. എഡ്വിൻ റിന്റു ഉമ്മൻ, എദൻ റിന്റു ഉമ്മൻ എന്നീ ആൺമക്കൾ ഉണ്ട്.



**റിങ്കു** : തിരുവനന്തപുരത്ത് തോംസൺ കമ്പനിയിൽ ജോലി ചെയ്യുന്നു.

**ജോൺസൺ** : നാട്ടിൽ സ്വന്തമായി ബിസിനസ് ചെയ്യുന്നു. കുടുംബയോഗത്തിന്റെ പത്തനാപുരം ശാഖയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു. വടക്കേത്തല യ്ക്കൽ കുടുംബയോഗത്തിന്റെ ജോയിന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുന്നല ചാച്ചിപ്പുന്ന കാർത്തികപ്പള്ളി ജോയി യുടെ മകൾ ഷീലയാണ് ഭാര്യ. അജോ പി ജോൺസൺ എന്ന മകനും അൻജു മറിയം ജോൺസൺ എന്ന മകളും.
**അജോ പി ജോൺസൺ** : ഗൾഫിൽ ജോലി ചെയ്യുന്നു. ആര്യങ്കാവ് പുല്ലാട്ട് വീട്ടിൽ മത്തായി മകൾ മീതു മത്തായിയാണ് ഭാര്യ. എസ്തേർ സാറ അജോ മകൾ.



**അൻജു മറിയം ജോൺസൺ** : കടമ്പനാട് എള്ളുവിളയിൽ പി.സി ജോൺസന്റെ മകനും മലങ്കര ഓർത്തഡോക്സ് സഭ അടൂർ - കടമ്പനാട് ഭദ്രാസനത്തിലെ വൈദീക നുമായ ഫാദർ. ജെറിൻ ജോൺസൺ വിവാഹം ചെയ്തു.

**ജെയിംസ്** : നാട്ടിൽ സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. വകയാർ സ്വദേശി മെർളിയാണ് ഭാര്യ. മക്കൾ ജൂലി ജെയിംസ്, ജെസ്‌ലിൻ ജെയിംസ്.
**ജൂലി ജെയിംസ്** : കോഴഞ്ചേരി ലൗലാന്റ് വീട്ടിൽ ജോർജ്ജ് വർഗ്ഗീസിന്റെ മകൻ ജെഫ്രി ജോർജ്ജ് വർഗ്ഗീസ് വിവാഹം കഴി ച്ചു.
**ജെസ്‌ലിൻ** : എം.കോം വിദ്യാർത്ഥി.



**ചാക്കോ** (ഉമ്മന്റെ അഞ്ചാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 26-ാം വയസ്സിൽ നിര്യാതനായി. കൊടുമണ്ണിൽ നടുവത്തുകുഴിയിൽ കോശിയുടെ മകൾ റബേക്കാമ്മയാണ് ഭാര്യ. ഒരു മകൻ പാപ്പച്ചൻ.

**പാപ്പച്ചൻ** : മിലിട്ടറിയിൽ സേവനം അനുഷ്ഠിച്ചതിനുശേഷം തുമ്പ സ്പേസ് റിസേർച്ചിൽ ജോലി ചെയ്ത് വിരമിച്ചു. പത്തനാപുരത്ത് പുന്നല കൊന്നയിൽ പാപ്പച്ചന്റെ മകൾ റേച്ചൽ ആണ് ഭാര്യ. ഇവർക്ക് റെന്നി, ബിനു, എന്ന് രണ്ട് പുത്രന്മാരും മിനി എന്ന ഒരു മകളും.

**മിനി** : വാളകത്ത് പുത്തൻവീട്ടിൽ തോമസിന്റെ മകൻ രാജു വിവാഹം കഴിച്ചു.

**റെന്നി** : കൊരട്ടി ചേറയ്ക്കൽ ജോർജ്ജിന്റെ മകൾ സുമിത ജോർജ്ജ് ആണ് ഭാര്യ. ജെറ്റ്ലിൻ ജേക്കബ് (എഞ്ചിനിയറിംഗ് വിദ്യാർത്ഥി) എന്ന മകനും ജെനീസ് ജേക്കബ് (വിദ്യാർത്ഥി) എന്ന മകളും. ഇവർ യു.കെ - ൽ താമസിക്കുന്നു. 2010 ആഗസ്റ്റ് 6 ന് റെന്നി മരണമടഞ്ഞു.

**ബിനു തോമസ്** : അമ്പലക്കര പൊയ്കവിളയിൽ കൊച്ചൂഞ്ഞിന്റെ മകൾ ജെൻസി കൊച്ചൂഞ്ഞ് ആണ് ഭാര്യ. അലൻ ബിനു (വിദ്യാർത്ഥി) എന്ന മകനും അക്സ ബിനു (വിദ്യാർത്ഥിനി) എന്ന മകളും. 2019 ഫെബ്രുവരി മാസം 20-ാം തീയതി ബിനു മരണമടഞ്ഞു.

**മത്തായി** (മാർക്കോസിന്റെ രണ്ടാമത്തെ മകൻ)

പ്രധാന തൊഴിൽ കൃഷി. ഐരൂർ ചെമ്പോന്തറയിൽ അന്നമ്മയാണ് ആദ്യ ഭാര്യ. ഇതിൽ മറിയാമ്മ, അന്നമ്മ എന്ന് രണ്ട് പെൺമക്കൾ. ആദ്യ ഭാര്യയുടെ മരണ ശേഷം തലവടിയിൽ കൊക്കോടിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇതിൽ ദിനാമ്മ, അക്കാമ്മ എന്ന രണ്ടു പെൺമക്കൾ.

മറിയാമ്മ : അടൂർ വീരപ്പള്ളിൽ യോനാച്ചനെ വിവാഹം കഴിച്ചു.

**അന്നമ്മ** : അയിരൂർ വിവാഹം.

**ദിനാമ്മ** (രണ്ടാം വിവാഹത്തിലെ മകൾ)

ഇടനാട്ടിൽ കുന്നിലായ എലവുംമൂട്ടിൽ ഉമ്മച്ചന്റെ മകൻ ഏബ്രഹാം വിവാഹം കഴിച്ചു. കുഞ്ഞുമോൾ, ലില്ലി, ഗ്രേസി എന്ന പെൺമക്കളും, കെ.എ തോമസ്, മത്തായി എബ്രഹാം, കെ.എ ഗീവർഗ്ഗീസ്, ജോയി എബ്രഹാം എന്ന നാല് ആൺമക്കളും.

**കെ.എ തോമസ്** : പത്തനാപുരത്ത് തോട്ടത്തിൻ കാലായിൽ ദാനിയേലിന്റെ അന്നമ്മ തോമസാണ് ഭാര്യ. റെനി അന്നമ്മ തോമസ് എന്ന മകളും ജിജോ തോമസ് എന്ന മകനും.

**ജിജോ തോമസ്** : പൂങ്കുളഞ്ഞി കുഞ്ഞുമോന്റെ മകൾ ജിൻസി ഡാനിയേൽ ആണ് ഭാര്യ. ജനീറ്റാ ജിജോ എന്ന മകൾ.

**മത്തായി എബ്രഹാം** : കൊട്ടാരക്കര തെങ്ങുവിള വടക്കേതിൽ ചാക്കോ കുഞ്ഞുഞ്ഞിന്റെ മകൾ എൽസിയാണ് ഭാര്യ. ആൻസി കെ മാത്യു, ജാൻസി കെ മാത്യു എന്നീ രണ്ട് പെൺമക്കൾ. ഇരുവരും വിവാഹിതർ.

**കെ.എ ഗീവർഗ്ഗീസ്** : പട്ടാഴി തെക്കേത്തേരി ജോർജ്ജിന്റെ മകൾ പൊടിയമ്മയാണ് ഭാര്യ. ജിൻസി വർഗ്ഗീസ്, പ്രിൻസി വർഗ്ഗീസ് എന്നീ രണ്ട് പെൺമക്കൾ. ഇരുവരും വിവാഹിതർ.

ജോയി എബ്രഹാം : പുന്നല പിറമലയിൽ താമസിക്കുന്നു. റാന്നി സ്വദേശി ഷേർളി യാണ് ഭാര്യ. റീനാ, റീബാ, ജിസാ എന്നി മൂന്ന് പെൺമക്കളും റിനോയി എന്ന മകനും (വിദേശത്ത് ജോലി ചെയ്യുന്നു).

**അക്കാമ്മ** : തണ്ണിത്തോട് കാപ്പിൽ യോഹന്നാന്റെ മകൻ കുഞ്ഞുകുട്ടി വിവാഹം കഴിച്ചു.

**ഗീവർഗീസ്** (മർക്കോസിന്റെ മൂന്നാമത്തെ മകൻ)

പ്രധാന തൊഴിൽ കച്ചവടം. 70-ാം വയസ്സിൽ നിര്യാതനായി. കടയ്ക്കാമൺ സെന്റ് ജോർജ്ജ് പള്ളിയിൽ അടക്കം ചെയ്തു. കൊട്ടാരക്കര ചെങ്ങമനാട് തുണ്ടിപ്പടി ഞ്ഞാറ്റേതിൽ ഏലിയാമ്മയാണ് ഭാര്യ. ഇവർക്ക് കുഞ്ഞൂഞ്ഞ്, ജോൺ, ചാക്കോ, മത്തായി, തോമസ്, എന്ന അഞ്ചു പുത്രന്മാരും ശോശാമ്മ, മറിയാമ്മ എന്നീ രണ്ടു പുത്രിമാരും ജനിച്ചു.

**ശോശാമ്മ** : റാന്നി മന്ദിരം മുക്കിൽ തോമസ് വിവാഹം കഴിച്ചു.

**മറിയാമ്മ** : പത്തനാപുരത്ത് മാന്തുണ്ടിൽ പുത്തൻ പുരയ്ക്കൽ മാമ്മച്ചന്റെ മകൻ കുഞ്ഞപ്പി വിവാഹം കഴിച്ചു.

**കുഞ്ഞൂഞ്ഞ്**

പ്രധാന തൊഴിൽ കൃഷി. പറക്കോട് മുതിരപ്പറമ്പിൽ ഗീവർഗ്ഗീസിന്റെ മകൾ തങ്കമ്മയാണ് ഭാര്യ. ഇവർക്ക് രാജു, ബേബി, ജോൺ, സാംകുട്ടി, ലേവി, അനിയൻ എന്ന ആറ് പുത്രന്മാർ. കുഞ്ഞൂഞ്ഞ് നിര്യാതനായി. മാക്കുളം പള്ളിയിൽ സംസ്കരിച്ചു.

**രാജു** : പ്രധാന തൊഴിൽ കൃഷി. കമുകുംചേരിയിൽ ഏലിയാമ്മയാണ് ഭാര്യ. ഷിജു, ഷിജോ എന്ന പുത്രന്മാരും, ഷീജ എന്ന പുത്രിയുമുണ്ട്.

**ഷീജ** : കൂടൽ രാജു വിവാഹം കഴിച്ചു.

**ഷിജു ജോൺ** : അമ്പലനിരപ്പ് നെല്ലിവിള വടക്കേതിൽ രാജുവിന്റെ മകൾ നിഷയാണ് ഭാര്യ . അനീറ്റ ഷീജു എന്ന മകളും അബിൻ ഷിജു എന്ന മകനുമുണ്ട് (വിദ്യാർത്ഥി).

**ഷിജോ ജോൺ** : കലഞ്ഞൂർ വലിയവിളയിൽ വീട്ടിൽ തങ്കച്ചന്റെ മകൾ ഷിനയാണ് ഭാര്യ. മകൻ ക്രിസ്വിൻ ഷിജോ (വിദ്യാർത്ഥി)

**കെ.കെ തോമസ്** : തമിഴ്നാട്ടിൽ ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്ത് വിരമിച്ചു. തൃശ്ശൂർ കാഞ്ഞിര ത്തിങ്കൽ വീട്ടിൽ ആഗ്നസ് ആണ് ഭാര്യ. തിരുച്ചിറപ്പള്ളിയിൽ സ്ഥിര താമസം. ഷിബി തോമസ് എന്ന മകളും ഷിജു തോമസ് എന്ന ഒരു മകനുമുണ്ട്.



ഡോ. കെ. ഷിബി തോമസ് : വെറ്റിനറി സയൻസിൽ ഡോക്ടറേറ്റ് നേടി തമിഴ്നാട് വെറ്റിനറി സർവ്വകലശാലയിൽ പ്രൊഫസറായി ജോലി ചെയ്യുന്നു. എബ്രഹാമിന്റെ മകൻ ഡോ. സരൺ എബ്രഹാം വിവാഹം കഴിച്ചു.

**കെ.ഷിജു തോമസ്** : സോഫ്റ്റ് വെയർ എഞ്ചിനീയറായി യു.എസ്.എ (ന്യൂയോർക്ക്) യിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരം നെടുവക്കാട്ട് കുടുംബാംഗമായ ബോണി

തോമസ് ആണ് ഭാര്യ. എമിലി ഷിജു തോമസ്, റെനേ ഷിജു തോമസ് എന്നിവർ മക്കളാണ്. കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു.

**ജോൺ** :പുതുവലിൽ നിരത്തുപാറ പുത്തൻവീട്ടിൽ ചാക്കോയുടെ മകൾ ആലീസ് ആണ് ഭാര്യ. ഷിനു, ഷീനാ, ഷിൻസി എന്ന മൂന്നുപുത്രിമാർ.

**ഷിനു ജോൺ** : കുളക്കട ചരുവിള ആർ.സി വില്ലയിൽ സി.ഡി ജോർജ്ജിന്റെ മകൻ ഡാനിയേൽ ജോർജ്ജ് വിവാഹം കഴിച്ചു.

**ഷീനാ ജോൺ** : പത്തനാപുരം മിനി ഭവനിൽ വർഗ്ഗീസിന്റെ മകൻ ബിനു വർഗീസ് വിവാഹം കഴിച്ചു.

**ഷിൻസി ജോൺ** : വിലങ്ങറ സാഗര വില്ലയിൽ പൊന്നച്ചന്റെ മകൻ പ്രജോ പൊന്നച്ചൻ വിവാഹം കഴിച്ചു.

**സാംകുട്ടി** : ബിസിനസ്. ഏഴംകുളത്ത് വലിയവിള കിഴക്കേതിൽ സാമുവേലിന്റെ മകൾ റോസമ്മയാണ് ഭാര്യ. ഷൈനി, ഷിജി എന്ന രണ്ട് പുത്രിമാർ.

**ഷൈനി** : തുമ്പമൺ തോട്ടയ്ക്കാട്ട് വീട്ടിൽ തോമസിന്റെ മകൻ ജിജോ തോമസ് വിവാഹം കഴിച്ചു.

**ഷിജി** : പൂതപ്പള്ളി വട്ടകടുപ്പിൽ ജയിംസിന്റെ മകൻ സിബി ജയിംസ് വിവാഹം കഴിച്ചു.



**കെ. കെ അലക്സാണ്ടർ (ലേവി)** : പത്തനാപുരം ശാഖയുടെ ട്രസ്റ്റിയായി സേവനമനുഷ്ഠിക്കുന്നു. സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. എലിക്കാട്ടൂർ തോമസിന്റെ മകൾ ആഗ്നസ് അലക്സാണ്ടർ ആണ് ഭാര്യ. ആൻസി അലക്സ് എന്ന മകൾ. പ്രിൻസ് അലക്സാണ്ടർ എന്ന മകനും.

**ആൻസി അലക്സ്** : ആലപ്പുഴ വട്ടക്കേരിൽ അഭിലാഷ് റ്റിറ്റോ വിവാഹം ചെയ്തു.

**പ്രിൻസ് അലക്സാണ്ടർ** : സ്വന്തമായി ബിസിനസ് ചെയ്യുന്നു.

**വിജോയി (അനിയൻ)** : സ്വന്തം ബിസിനസ്. ഏഴംകുളത്ത് പണിക്കത്തറ വടക്കേതിൽ മത്തായിയുടെ മകൾ ജിജിയെ വിവാഹം കഴിച്ചു. അലേഷ്യസ് കെ.വി എന്ന മകൻ ബഹ്റനിൽ ജോലി ചെയ്യുന്നു.

**ജോൺ** (ഗീവർഗീസിന്റെ രണ്ടാമത്തെ മകൻ)

പ്രധാനതൊഴിൽ ബിസിനസ്. കൊട്ടാരക്കര ചക്കുവരയ്ക്കൽ പനംകുന്നിൽ റൈറ്റസിന്റെ മകൾ മേരിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് ബാബു, ബിനു എന്ന് രണ്ട് പുത്രന്മാരും ലീലാമ്മ, അനിയമ്മ, ആലീസ്, ഷീല എന്ന നാല് പുത്രിമാരും ഉണ്ട്. 1990 ആഗസ്റ്റിൽ നിര്യാതനായി. കടയ്ക്കാമൺ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു.

**ലീലാമ്മ** : തുമ്പമൺ വട്ടടികാലായിൽ തോമസിന്റെ മകൻ കുഞ്ഞുമോൻ വിവാഹം കഴിച്ചു.

**അനിയമ്മ** : കുണ്ടറ തെങ്ങയ്യത്ത് വീട്ടിൽ ഇടിക്കുളയുടെ മകൻ ദാനിയേൽ വിവാഹം കഴിച്ചു.

**ആലീസ്** : അവിവാഹിത

**ഷീല** : തട്ടയിൽ കുളത്തുംകരോട്ട് ജേക്കബിന്റെ മകൻ റോയി വിവാഹം കഴിച്ചു.

**വർഗ്ഗീസ് ജോൺ (ബാബു)**
ബാംഗ്ലൂരിൽ KRIBCO എന്ന കമ്പനിയിൽ ജോലി. ഇടനാട് കുളംകണ്ടത്തിൽ ചെങ്ങന്നൂർ ജോളി വില്ലയിൽ വർഗീസിന്റെ മകൾ ജൂനാ ആണ് ഭാര്യ. മകൻ മെൽവിൻ ജോൺ എഞ്ചിനീയറായി ജോലി ചെയ്യുന്നു. മകൾ റിയാ വർഗ്ഗീസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥി.

**ബിനു ജോൺ** : പത്തനാപുരം ഗ്രേസ് ഭവനിൽ സാം പോളിന്റെ മകൾ ജെയ്നിയാണ് ഭാര്യ. മകൻ ജെബിൻ ജെ ബിനു (വിദ്യാർത്ഥി)

**ചാക്കോ** (ഗീവർഗീസിന്റെ മൂന്നാമത്തെ മകൻ)
ഇദ്ദേഹം ഒരു എക്സ് സർവ്വീസുകാരനാണ്. കൊട്ടാരക്കര തലച്ചിറ സ്വദേശി കുഞ്ഞന്നാമ്മയാണ് ഭാര്യ. ഇവർക്ക് ലാലി, സൂസൻ, ലിസി എന്നു മൂന്ന് പെൺമക്കൾ. 49–ാം വയസ്സിൽ നിര്യാതനായി. കടയ്ക്കാമൺ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു.

**ലാലി** : ശാലേംപുരത്ത് മല്ലേൽ വർഗീസ് ദാനിയേലിന്റെ മകൻ സാബു വിവാഹം കഴിച്ചു.

**സൂസൻ** : ആയൂർ തണ്ണിച്ചാലിൽ ബേബി യോനായുടെ മകൻ അനിൽ വിവാഹം കഴിച്ചു.

**ലിസി** : എൽ.എൽ.ബി പാസായി പുനലൂർ കോടതിയിൽ അഡ്വക്കേറ്റായി സേവനമനുഷ്ഠിക്കുന്നു. റാന്നി ഉഴത്തിൽ ശമുവേലിന്റെ മകൻ സ്റ്റീഫൻ ശമുവേൽ വിവാഹം ചെയ്തു.

**കെ. വി മത്തായി** (ഗീവർഗീസിന്റെ നാലാമത്തെ മകൻ )
വിദ്യാഭ്യാസത്തിനുശേഷം സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽ സേവനമനുഷ്ഠിച്ചു വിരമിച്ചു. കോഴഞ്ചേരി മട്ടലിൽ മേരിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് മിനി എന്ന ഒരു മകളും മനോജ് മാത്യു എന്ന ഒരു മകനും ഉണ്ട്.

**മിനി** : തുമ്പമൺ കേശമത്ത് കോശിയുടെ മകൻ തോമസ് കോശി വിവാഹം കഴിച്ചു.

**മനോജ് മാത്യു** : കുണ്ടറ പരേതനായ ജോർജ്ജിന്റെ മകൾ ജിഷയാണ് ഭാര്യ. മകൻ ഹാർവിൻ കെ മാത്യു (വിദ്യാർത്ഥി).

**തോമസ്** (ഗീവർഗീസിന്റെ ഇളയമകൻ)
വിദ്യാഭ്യാസത്തിനുശേഷം കോയമ്പത്തൂർ ജീപ്പ് ഇൻഡസ്ട്രിയൽ സിൻഡിക്കേറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ സേവനമനുഷ്ഠിച്ചിരുന്നു. പത്തനാപുരത്ത് പുത്തൻവീട്ടിൽ ബെന്നിയുടെ മകൾ തങ്കമണിയാണ് ഭാര്യ. ഇവർക്ക് സീമ, സിമി എന്ന രണ്ട് പെൺമക്കൾ..